# കത്തോലിക്കരും മൗലികവാദികളും

ഡോ. മാത്യു വെള്ളാനിക്കൽ

DHARMARAM COLLEGE
LIBRARY
BANGALORE-29

ALL SAINTS ALL BROTHERS
PRO SANCTITY PUBLICATIONS

# കത്തോലിക്കരും മൗലികവാദികളും

ഡോ. മാത്യു വെള്ളാനിക്കൽ

No. 4

PRO SANCTITY PUBLICATIONS
Vidyanagar, Kottayam - 686 018
Kerala, India.

DHARMARAM COLLEGE LIBRARY
Ac. No
Cal. No

Malayalam
**CATHOLIKKARUM MAULIKAVADIKALUM**

Author:
**DR. MATHEW VELLANICKAL**

First Published: June 1989

Second edition: September 1989

Third edition November 1989

Copyright Reserved

Copies: 7000

Printed at:
Pro Sanctity Printers, Manganam.

Imprimatur:
† **Mar Joseph Powathil**
Archbishop of Changanacherry
1 - 6 - 1989

Price: Rs. 3. 50

Published by:
Pro Sanctity Publications, Manganam P. O,
Vidyanagar, Kottayam – 686 018

# ഉള്ളടക്കം


| | |
|---|---|
| | പേജ് |
| ആമുഖം | vi |
| കത്തോലിക്കാസഭാവിരുദ്ധ ഗ്രൂപ്പുകളും അവരുടെ പ്രവർത്തനവും | 1 |
| സഭാവിരുദ്ധഗ്രൂപ്പുകളും ബൈബിളും | 11 |
| സഭാവിരുദ്ധഗ്രൂപ്പുകൾ ബൈബിൾ എങ്ങനെ ദുരുപയോഗിക്കുന്നു | 16 |
| കത്തോലിക്കാസഭാവിരുദ്ധഗ്രൂപ്പുകളുടെ തെററായ ചില ബൈബിൾ പഠനങ്ങൾ | 22 |
| വിശ്വാസവിരുദ്ധഗ്രൂപ്പുകളെ നേരിടേണ്ട വിധം | 48 |

# ആമുഖം

മൗലികവാദികൾ കത്തോലിക്കാസഭയ്ക്കെതിരെ അവരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. രാഷ്ട്രീയ പാർട്ടികളേയോ, വിശ്വാസവിരുദ്ധപ്രത്യയശാസ്ത്രങ്ങൾ പഠിപ്പിക്കുന്നവരേയോ, യുക്തിവാദികളേയോ ഒന്നുമല്ല ഇവിടെ വിവക്ഷിക്കുന്നത്. ക്രൈസ്തവരെന്ന് അറിയപ്പെടുന്നവരും ബൈബിൾ അവരുടെ പ്രമാണഗ്രന്ഥമായി സ്വീകരിക്കുന്നവരും കത്തോലിക്കാവിശ്വാസത്തിനെതിരായി പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെയാണ് 'മൗലികവാദികൾ' അഥവാ 'സഭാവിരുദ്ധ ഗ്രൂപ്പുകൾ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ്വതന്ത്ര പെന്തക്കോസ്തു ഗ്രൂപ്പുകൾ, യഹോവസാക്ഷികൾ തുടങ്ങിയവരെല്ലാം ഈ വിഭാഗത്തിൽപ്പെടും.

സഭയ്ക്കെതിരായി പഠിപ്പിക്കുന്ന ഗ്രൂപ്പുകൾ സഭയ്ക്ക് പുത്തരിയല്ല. ആദിമസഭയുടെ കാലത്തുതന്നെ ഇങ്ങനെയുള്ള ഗ്രൂപ്പുകളെ സഭയ്ക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. ഞങ്ങൾക്ക് പരിശുദ്ധാത്മാവിനെ ഉണ്ടെന്നും ദൈവത്തിന്റെ പ്രത്യേക നിവേശനത്താൽ തങ്ങൾ പഠിപ്പിക്കുന്നതാണ് ശരിയെന്നും അവർ അവകാശപ്പെട്ടിരുന്നു. യോഹന്നാൻ തന്റെ ഒന്നാം ലേഖനത്തിൽ ഇങ്ങനെയുള്ളവരെപ്പററി മുന്നറിയിപ്പ് നൽകുന്നതു് കാണാം: ''പ്രിയപ്പട്ടവരേ, എല്ലാ ആത്മാക്കളേയും നിങ്ങൾ വിശ്വസിക്കരുതു്;ആത്മാക്കളെ പരിശോധിച്ച്, അവ ദൈവത്തിൽനിന്നാണോ എന്നു വിവേചിക്കുവിൻ. പല വ്യാജപ്രവാചകൻമാരും ലോകത്തിലെങ്ങും പ്രത്യക്ഷപ്പെട്ടിരിക്കുന്നു'' (1 യോഹ 4:1).

സഭാവിരുദ്ധഗ്രൂപ്പുകൾ തീവ്രവാദികളാണ്. തങ്ങളുടെ തത്വങ്ങളും പഠനങ്ങളും മററുള്ളവരുടെമേൽ അടിച്ചേല്പിക്കുക, സ്വതന്ത്രമായി ചിന്തിക്കുവാൻ അനുവദിക്കാതിരിക്കുക, അവരുടെ ഗ്രൂപ്പിലേയ്ക്ക് ഏതു വിധേനയും ആളുകളെ ചേർക്കുവാൻ പരിശ്രമിക്കുക, ബൈബിൾ എഴുതപ്പെട്ട കാലത്തെ പശ്ചാത്തലങ്ങളോ, സാഹിത്യപരമായ പ്രത്യേകതകളോ, സന്ദർഭമോ ഒന്നും കണക്കിലെടുക്കാതെ അക്ഷരാത്ഥത്തിൽ അവക്ക് ആവശ്യമായ രീതിയിൽ വ്യാഖ്യാനിക്കുക ഇതൊക്കെയാണ് അവരുടെ പ്രത്യേകതകൾ. കത്തോലിക്കാസഭാംഗങ്ങളുടെ വിശ്വാസത്തിനു ഒരു വിപത്തായി മാറിയിരിക്കുന്ന ഈ മൗലികവാദികളിൽപ്പെട്ടവർ ഇന്നു് വീടുകൾ കയറിയിറങ്ങി കത്തോലിക്കരെ വഴി തെററിക്കുവാൻ ശ്രമിക്കുന്നു. അവരെ നേരിടേണ്ടതെങ്ങനെയെന്നു് അറിയാതെ അനേകർ വിഷമിക്കുന്നുണ്ട്. ഈ സാഹചര്യമാണ് ഇങ്ങനെയൊരു പുസ്തകമെഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു്.

ചോദ്യോത്തരരൂപത്തിൽ സഭാവിരുദ്ധഗ്രൂപ്പുകളുടെ പ്രവർത്തനരീതിയും പഠനങ്ങളും അവരെ കത്തോലിക്കർ നേരിടേണ്ടവിധവും അവർ പഠിപ്പിക്കുന്ന കാര്യങ്ങളുടെ അടിസ്ഥാനമില്ലായ്മയും അവയെ സംബന്ധിച്ച് കത്തോലിക്കാസഭയുടെ വിശ്വാസത്തിനു ബൈബിളിലുള്ള അടിസ്ഥാനങ്ങളും എല്ലാം വളരെ ഹ്രസ്വമായും ലളിതമായും എഴുതുവാൻ ശ്രമിച്ചിട്ടുണ്ട്. സാധാരണക്കാർക്ക് വാങ്ങിക്കുവാനും വായിക്കുവാനും ഗ്രഹിക്കുവാനും സാദ്ധ്യമാകത്തക്കവിധം സംവിധാനം ചെയ്യാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് പണ്ഡിതോചിതമായ വിശദാംശങ്ങൾ അധികമൊന്നും ഇതിൽ കാണുകയില്ല. ഓരോ ഗ്രൂപ്പിന്റെയും പഠനങ്ങളെ ഖണ്ഡിച്ച് വിശദമായി എഴുതുവാൻ പിന്നീട് അവസരം കിട്ടുമെന്നു് പ്രതീക്ഷിക്കുന്നു.

സഭാവിരുദ്ധഗ്രൂപ്പുകളെ വിമർശിക്കുന്നതോടൊപ്പം കത്തോലിക്കർക്ക് ഒരു സ്വയം വിമർശനം കൂടി ആവശ്യമുണ്ട്. ഒരു ആത്മപരിശോധനയ്ക്ക് ഉതകത്തക്കവിധം കത്തോലിക്കാവിശ്വാസികളുടെ ജീവിതത്തിന്റെ ചില മേഖലകളിലേയ്ക്കും ഈ പുസ്തകം വിരൽചൂണ്ടുന്നുണ്ട്. സഭാവിരുദ്ധഗ്രൂപ്പുകളുടെ തെററായ പഠനങ്ങൾക്ക് മറുപടി കൊടുക്കുന്നതോടൊപ്പം നമ്മുടെ കത്തോലിക്കാവിശ്വാസം അതിന്റെ തനിമയിലും ആഴത്തിലും ജീവിക്കുവാൻ സാധിച്ചെങ്കിലേ ഇന്നത്തെ വിപത്തിനെ ഫലപ്രദമായി നേരിടാൻ നമുക്ക് കഴിയൂ.

കത്തോലിക്കാവിശ്വാസവിരുദ്ധഗ്രൂപ്പുകളെ ഫലപ്രദമായി നേരിടുവാനും തങ്ങളുടെ സത്യവിശ്വാസത്തിൽ ഉറപ്പിക്കപ്പെടുവാനും കത്തോലിക്കരെ ഈ ചെറിയ ഗ്രന്ഥം കുറെയെങ്കിലും സഹായിക്കുന്നെങ്കിൽ ഗ്രന്ഥകാരൻ കൃതാർത്ഥനായി.

ഈ ഗ്രന്ഥം തയ്യാറാക്കുന്നതിനും ഈ വിധത്തിൽ പ്രസിദ്ധീകരിക്കുന്നതിനും എന്നെ സഹായിച്ച അപ്പസ്തോലിക് ഒബ്ളേറ്റ്സ് സമൂഹത്തിലെ സഹോദരി ഫിലോമിക്കും മററു സഹോദരികൾക്കും പ്രോസാങ്-ററിററി പ്രിന്റേഴ്സിനും എന്റെ കൃതജ്ഞതയുടെ കൂപ്പുകൈ.

ഫാ. മാത്യു വെള്ളാനിക്കൽ

പൗരസ്ത്യവിദ്യാപീഠം
വടവാതൂർ
കോട്ടയം 686010
ജൂൺ 3, 1989

# കത്തോലിക്കാസഭാവിരുദ്ധ ഗ്രൂപ്പുകളും അവരുടെ പ്രവർത്തനവും

### കത്തോലിക്കാസഭാവിരുദ്ധഗ്രൂപ്പുകൾ ഇന്ന് പ്രവർത്തനനിരതമാണോ?

കത്തോലിക്കാസഭാവിരുദ്ധഗ്രൂപ്പുകൾ വളരെയധികം പ്രവർത്തനനിരതരായിരിക്കുന്ന ഒരു കാലഘട്ടമാണ് ഇതു്. തെരുവുകളിൽ പ്രസംഗിച്ചും ഭവനങ്ങളിൽ കയറിയിറങ്ങിയും, വ്യക്തികളെ സമീപിച്ചും അവർ ഇന്നു് സജീവമായി പ്രവർത്തിക്കുന്നു. പ്രത്യേകിച്ചും കത്തോലിക്കരുടെ ഭവനങ്ങളിൽ ബൈബിൾ പഠിപ്പിച്ചും, പ്രാർത്ഥനകൾ നടത്തിയും കത്തോലിക്കാ വിശ്വാസത്തിൽനിന്നു് പലരേയും ഇവർ വ്യതിചലിപ്പിച്ചുകൊണ്ടിരിക്കുന്നു. പലരും കത്തോലിക്കാവിശ്വാസം ഉപേക്ഷിച്ചു് ഈ ഗ്രൂപ്പുകളിൽ ചേർന്നിട്ടുള്ളതായും നമുക്കറിയാം,

### കത്തോലിക്കാസഭാവിരുദ്ധ ഗ്രൂപ്പുകൾ ഏതെല്ലാം?

വലുതും ചെറുതുമായ വിവിധ ഗ്രൂപ്പുകൾ ഇന്നു് പ്രവർത്തനരംഗത്തുണ്ടു്. ചില ഗ്രൂപ്പുകൾ പ്രൊട്ടസ്റ്റന്റു വിഭാഗങ്ങളിൽനിന്നും ഉടലെടുത്തിട്ടുള്ളവയാണ്. സ്വതന്ത്ര പെന്തക്കുസ്താക്കാർ, ബാപ്റ്റിസ്റ്റുകൾ, സെവൻത്ഡേ അഡ്വന്റിസ്റ്റുകൾ തുടങ്ങിയവരെല്ലാം ഈ വിഭാഗത്തിൽ പെടുന്നവരാണ്. ക്രിസ്തുവിന്റെ ദൈവത്വത്തിൽ വിശ്വസിക്കാത്തവരും, എന്നാൽ ബൈബിൾ അടിസ്ഥാന ഗ്രന്ഥമായി ഉപയോഗിക്കുന്നവരുമായ യഹോവാ സാക്ഷികളും കത്തോലിക്കാസഭാവിരുദ്ധഗ്രൂപ്പിൽപ്പെടുന്നു.

## ഈ ഗ്രൂപ്പുകളുടെ ലക്ഷ്യം എന്ത്?

കഴിയുന്നിടത്തോളം പേരെ ഈ ഗ്രൂപ്പുകളിലേക്ക് ആകർഷിക്കുകയെന്നതാണ് അവരുടെ ലക്ഷ്യം. ഇതിന്ന് അവർ വിവിധ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തുന്നു. അവർ തുടർച്ചയായി ആളുകളെ സന്ദർശിക്കുകയും ഉറപ്പായിട്ടുള്ള ഒരു രക്ഷ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. പലപ്പോഴും പലരേയും നിർബന്ധിച്ച് അവർ തങ്ങളുടെ ഗ്രൂപ്പുകളിൽ ചേർക്കുന്നു. സാമ്പത്തികസഹായം നൽകിക്കൊണ്ടുപോലും ഇവരിതു് നിർവഹിക്കുന്നു.

കത്തോലിക്കാവിശ്വാസം തെറ്റാണെന്നു് തെളിയിക്കാൻ ശ്രമിച്ചുകൊണ്ടു് ഇവർ പ്രത്യേകമായും കത്തോലിക്കരെ സമീപിക്കുന്നു. ഉദാഹരണത്തിന്ന് കത്തോലിക്കർ അവിശ്വാസികളാണെന്നും, വിഗ്രഹാരാധനക്കാരാണെന്നും അവർ പറയും. സഭയേയും, മാർപ്പാപ്പയേയും, മെത്രാന്മാരേയും, വൈദികരേയും, കൂദാശകളെയും കുറിച്ചൊക്കെ തെററായ ധാരണകൾ നൽകി, അവയോടുള്ള മതിപ്പു നഷ്ടപ്പെടുത്തി ഇവർ ജനങ്ങളിൽ ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നു. ക്രിസ്തുവിൻെറയും, പ. കന്യകാമറിയത്തിൻെറയും, വിശുദ്ധരുടെയും സ്വരൂപങ്ങളും, പ്രതിമകളുമൊക്കെ നിർമ്മിക്കുകയും അവരെ വണങ്ങുകയും ചെയ്യുന്നതിനെ ഉദ്ദേശിച്ചാണ് വിഗ്രഹാരാധന എന്നു് ഇവർ പറയുന്നതു്. കത്തോലിക്കർ ദൈവത്തെ മാത്രമെ ആരാധിക്കുന്നുള്ളു. വിശുദ്ധരെ വണങ്ങുക മാത്രമെ ചെയ്യുന്നുള്ളു എന്നതു് ഇവർ ബോധപൂർവ്വം വിസ്മരിക്കുന്നു.

## എന്തുകൊണ്ട് അവരുടെ സമീപനം തെററാണ്?

ആളുകളെ തങ്ങളുടെ കൂടെ ചേർക്കുന്നതിൽ അമിതമായി തല്പരരാണ് ഇവർ. ഇതു് പ്രേഷിതചൈതന്യത്താൽ പ്രചോദിതമല്ല. ഇവരുടെ പ്രവർത്തനശൈലി പ്രേഷിതത്വത്തിൽ നിന്നും തികച്ചും വിഭിന്നമാണ്. പ്രേഷിതത്വം എന്നു പറയുന്നതു്, നമ്മുടെ ക്രിസ്തീയ

വിശ്വാസം പരസ്പരസ്നേഹത്തോടും, പരസ്പരബഹുമാന ത്തോടും, ആദരവോടുംകൂടെ മററുള്ളവരുമായി പങ്കുവയ്ക്കുന്ന താണ്. ഒരു തരത്തിലും മററുള്ളവരുടെമേൽ സമ്മർദ്ദം ചെലുത്താതെ സ്വതന്ത്രമായി തീരുമാനമെടുക്കാനുള്ള സാദ്ധ്യത നൽകുന്നതാണ്. പക്ഷേ ഇവർ മാനസിക മായി സമ്മർദ്ദം ചെലുത്തിയും, നിരന്തരമായി അനുധാ വനം ചെയ്തും, വ്യക്തികളേയും കുടുംബങ്ങളേയും പ്രേരി പ്പിച്ചും അവരുടെ ഗ്രൂപ്പിൻെറ അണികളിലേയ്ക്കു കൊണ്ടു വരാൻ ശ്രമിക്കുന്നു. മററുള്ളവരെ അവർ നിശിതമായി വിമർശിക്കുന്നു. മററുള്ളവരുടെ വിശ്വാസങ്ങളേയും അവ രുടെ മനസ്സാക്ഷിയേയും ഇവർ ആദരിക്കുന്നില്ല. ക്രൈ സ്തവർ തമ്മിലുള്ള ഐക്യവും, നല്ല ബന്ധങ്ങളും അവർ നശിപ്പിക്കുകയും, എക്യുമെനിസ (സഭൈക്യം) ത്തിനു് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു. അങ്ങനെ കത്തോലി ക്കാസഭാവിരുദ്ധരായി അവർ പരിണമിക്കുന്നു.

## *കത്തോലിക്കരുടെ ഇടയിലുള്ള ഇവരുടെ പ്രവർത്തനം എങ്ങനെ?*

കത്തോലിക്കാ വിശ്വാസികളെ, കത്തോലിക്കാസഭ യിൽനിന്നും അകററി തങ്ങളുടെകൂടെ ചേരുവാൻ അവർ പ്രേരിപ്പിക്കുന്നതു് ബൈബിൾ ഉപയോഗിച്ചുകൊണ്ടാ ണ്. ബൈബിളിൽനിന്നും ചില പ്രത്യേക വാക്യങ്ങൾ തിരഞ്ഞെടുത്തു്, ആ വാക്യങ്ങളിലൂടെ കത്തോലിക്കാസഭ വിശ്വസിക്കുന്നതും,പഠിപ്പിക്കുന്നതും, പ്രവൃത്തിക്കുന്നതുമൊ ക്കെ തെററാണെന്നു് തെളിയിക്കാൻ അവർ ശ്രമിക്കുന്നു. കത്തോലിക്കർ പൊതുവെ ബൈബിളിനോടു് ആഭിമുഖ്യം കുറവുള്ളവരും, ബൈബിളിൽ പഠനമില്ലാത്തവരുമായതു കൊണ്ടു് അവരു പറയുന്നതു് ശരിയാണെന്നു് എളുപ്പ ത്തിൽ ധരിക്കുന്നു. അവർ പറയുന്നതിനെ ചെറുത്തുനിൽ ക്കാൻ, അവരുടെ ബൈബിൾ വ്യഖ്യാനത്തിൻെറ തെറെറന്തു് എന്നു് ചൂണ്ടിക്കാണിക്കാൻ കഴിയാത്തതു കൊണ്ടു് അവരുടെ വലയിൽ കുടുങ്ങി അവരോടു ചേന്നു പോകാൻ പ്രേരിതരായിത്തീരുന്നു. ആരംഭത്തിൽ അവർ കത്തോലിക്കാസഭയ്ക്കോ, വിശ്വാസത്തിനോ എതിരായി

ഒന്നും പറഞ്ഞെന്നുവരില്ല. അവരുടെ യോഗങ്ങളിലേയ്ക്കും, പ്രാർത്ഥനാസമ്മേളനങ്ങളിലേയ്ക്കും, വിശ്വാസത്തിനു് ഒരു കുഴപ്പവും വരികയില്ലെന്നു പറഞ്ഞുകൊണ്ടു് സംബന്ധിക്കുവാനായി ക്ഷണിക്കും. സംബന്ധിക്കുന്നതിനു് ആകർഷണീയമായ ചില വാഗ്ദാനങ്ങളും, പ്രതിഫലങ്ങളും പലപ്പോഴും കൊടുത്തെന്നും വരും. ഈ മീററിംഗുകളിലും, പ്രാർത്ഥനാസമ്മേളനങ്ങളിലുമൊക്കെ, കത്തോലിക്കാസഭയെക്കുറിച്ചും, പ. കന്യകാമറിയത്തെക്കുറിച്ചും, വൈദികരെക്കുറിച്ചും, കൂദാശകളെക്കുറിച്ചും, കുർബാനയെക്കുറിച്ചും, സഭാനടപടികളെക്കുറിച്ചുമൊക്കെയുള്ള വിമർശനങ്ങൾ ഉൾക്കൊള്ളുന്ന പ്രഭാഷണങ്ങൾ ഉണ്ടാകും. അങ്ങനെ സാവകാശം തങ്ങളുടെ കത്തോലിക്കാ വിശ്വാസത്തിൽ സംശയം ജനിപ്പിക്കത്തക്ക ഒരു സാഹചര്യം അവർ സൃഷ്ടിക്കുന്നു. കാലക്രമത്തിൽ വിശ്വാസം ഉപേക്ഷിച്ചു് ആ ഗ്രൂപ്പിൽ ചേരുവാൻ കത്തോലിക്കാ വിശ്വാസികൾ പ്രേരിതരാവുകയും ചെയ്യുന്നു.

## *വിശ്വാസവിരുദ്ധ പ്രസ്ഥാനങ്ങൾ പുതിയതോ?*

വിശ്വാസവിരുദ്ധ പ്രസ്ഥാനങ്ങൾ ആരംഭം മുതലേ സഭയിൽ ഉണ്ടായിട്ടുണ്ടു്, ഉണ്ടാകുമെന്നു് മുന്നറിയിപ്പു നൽകപ്പെട്ടിട്ടുമുണ്ടു്. ''എന്തെന്നാൽ, ഉത്തമമായ പ്രബോധനത്തെ ജനങ്ങൾ ശ്രദ്ധിക്കാത്ത കാലം വരുന്നു. കേൾവിക്കു് ഇമ്പമുള്ളവയിൽ ആകൃഷ്ടരായി അവർ തങ്ങളുടെ ദുരാശകൾക്കു് ഇണങ്ങുന്ന പ്രബോധകരെ വിളിച്ചുകൂട്ടും. അവർ സത്യം ശ്രവിക്കാൻ ശ്രമിക്കാതെ കെട്ടുകഥകളിലേയ്ക്കു തിരിയും'' (2 തിമോ 4:3–4). ''എൻെറ പ്രിയപ്പെട്ടവരേ, എല്ലാവരേയും നിങ്ങൾ വിശ്വസിക്കരുതു്. പ്രത്യുത അവർ ദൈവത്തിൽ നിന്നുള്ളവരാണോ എന്നു പരിശോധിക്കുവിൻ. എന്തുകൊണ്ടെന്നാൽ, അനവധി വ്യാജപ്രവാചകന്മാർ ലോകത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ദൈവിക മനുഷ്യനെ ഇങ്ങനെ തിരിച്ചറിയാം: ഈശോമിശിഹാ ജഡം ധരിച്ചുവെന്നു് ഏററു പറയുന്നവൻ ദൈവത്തിൽനിന്നുള്ളവനാണു്. ഈശോ ശരീരത്തിൽ ആഗത

നായെന്നു് ഏററു പറയാത്തവൻ ദൈവത്തിൽനിന്നുള്ളവ നല്ല; പ്രത്യുത വരുന്നുവെന്നു നിങ്ങൾ കേട്ടിട്ടുള്ള അന്തി ക്രിസ്തു (ക്രിസ്തുവിരുദ്ധർ) വിൽ നിന്നുള്ളവനത്രേ. അവൻ പണ്ടു മുതലേ ലോകത്തിലുണ്ടു്'' (1 യോഹ 4 : 1 – 3). ഓരോ കാലത്തും സഭയിൽ പുതിയ പുതിയ വിഭാഗങ്ങൾ പ്രത്യക്ഷപ്പെടുകയും കാലാന്തരത്തിൽ അവ അപ്രത്യക്ഷ മാവുകയും ചെയ്ത സംഭവങ്ങൾ സഭാചരിത്രം പരിശോധി ച്ചാൽ കാണാവുന്നതാണ്. ഈ വിഭാഗങ്ങളുടെയെല്ലാം ഉറവിടം മിക്കവാറും ഒന്നുതന്നെ. അതായതു് തെററായ രീതിയിലുള്ള ബൈബിൾ വ്യാഖ്യാനം. തങ്ങൾക്കിഷ്ട മുള്ള കാര്യങ്ങൾ തെളിയിക്കാനുതകത്തക്ക ബൈബിൾ വാചകങ്ങൾ തിരഞ്ഞെടുക്കുകയും, മററു വാചകങ്ങളെ അവഗണിക്കുകയും ചെയ്യുന്ന ഒരു നിലപാടാണ് ഇവ രെല്ലാം സ്വീകരിക്കുന്നതു്.

## ഇന്ന് കത്തോലിക്കാവിരുദ്ധ പ്രസ്ഥാനങ്ങൾ എന്തുകൊണ്ട് സജീവമായിരിക്കുന്നു?

കാരണങ്ങൾ പലതാണ്. സങ്കീർണ്ണങ്ങളുമാണ്. അവയിൽ ചിലതുമാത്രം സൂചിപ്പിക്കട്ടെ.

1. ആധുനിക ലോകത്തിൽ മതപരമായ വിശ്വാ സം കുറഞ്ഞുവരുന്നതിൻെറ ഫലമായി മനുഷ്യനിൽ ഒരു ശൂന്യത അനുഭവപ്പെടുന്നു. എന്നാൽ ഈ വിഭാഗങ്ങളുടെ മതപരമായ തീവ്രതയും, അനുഭൂതിപരമായ പ്രാർത്ഥനാരീ തികളും ഈ ശൂന്യതയെ അതിജീവിക്കാൻ പോരുന്നവ യാണ്.

2. ഇന്നത്തെ ലോകത്തിൽ മനുഷ്യനു് ഒരു അരക്ഷി താവസ്ഥ അനുഭവവേദ്യമാകുന്നു. യുദ്ധങ്ങളും, സാമ്പത്തിക പ്രതിസന്ധികളും പുതിയ പുതിയ രോഗങ്ങളും, തൊഴി ലില്ലായ്മയും, ദാരിദ്ര്യവും എല്ലാം അരക്ഷിതാവസ്ഥയുടെ പശ്ചാത്തലങ്ങളാണ്. കത്തോലിക്കാവിരുദ്ധഗ്രൂപ്പുകാർ ഒരു മാനസിക സുരക്ഷിതത്വം നല്കി ഇവയ്ക്കു പ്രതിവിധി

നിർദ്ദേശിക്കുന്നു. ലോകത്തിന്റെ അവസാനം ആസന്നമാണെന്നും, മതപരമായ സുരക്ഷിതത്വത്തിൽ ലോകത്തിന്റെ പ്രശ്നങ്ങളിൽ നിന്ന് ഓടിയകലാൻ ശ്രമിച്ചുകൊണ്ട് ഈ അരക്ഷിതാവസ്ഥയെ നേരിടാമെന്നും പറഞ്ഞു് ജനങ്ങളെ ആകർഷിക്കുന്നു.

3. മതത്തേയും, സന്മാർഗ്ഗത്തേയും മൂല്യങ്ങളേയും സംബന്ധിച്ച് ഒത്തിരി വ്യത്യസ്ത ആശയങ്ങളും, അഭിപ്രായങ്ങളുമൊക്കെ പ്രചാരത്തിലിരിക്കുന്ന സ്ഥിതിവിശേഷമാണ് ഇന്ന് നിലവിലുള്ളത്. ഒന്നിനെപ്പററിയും തീച്ചയില്ല എന്നു് ചിന്തിക്കുവാൻ പ്രേരകമായ ഒരു സ്ഥിതിവിശേഷം. ഈ പശ്ചാത്തലത്തിൽ വിശ്വാസവിരുദ്ധ ഗ്രൂപ്പുകൾ ഒരുതരത്തിലുള്ള രീതിയിൽ അവരുടെ സത്യങ്ങൾ അവതരിപ്പിക്കുമ്പോൾ അതിൽ പലരും ആകൃഷ്ടരാകുന്നു.

4. കത്തോലിക്കാവിരുദ്ധഗ്രൂപ്പുകൾക്ക പുറത്തുനിന്നും വളരെയധികം സാമ്പത്തികസഹായം ലഭ്യമാകുന്നുണ്ട്. അതുകൊണ്ട് സമ്പർക്കമാദ്ധ്യമങ്ങളും, പ്രചാരണോപാധികളും കാര്യക്ഷമമായി ഉപയോഗപ്പെടുത്തുകയും നേതാക്കൾക്കും അനുയായികൾക്കും സാമ്പത്തികസഹായം നൽകുകയും ചെയ്യുന്നു. ഇതിനും പുറമെ ചില അന്തർദ്ദേശീയ രാഷ്ട്രീയ താൽപര്യങ്ങളും ഇവയുടെ പിന്നിൽ പ്രവത്തിക്കുന്നുണ്ട്. ഇതൊക്കെയാണ് ഈ ഗ്രൂപ്പുകൾ ഇന്നു് ഇത്രമാത്രം സജീവമാകുവാൻ കാരണം.

## *എല്ലാ കത്തോലിക്കാവിരുദ്ധ ഗ്രൂപ്പുകളും പ്രൊട്ടസ്റ്റൻറുകാരോ?*

അല്ല. പ്രൊട്ടസ്റ്റൻറുസഭകൾ എന്നു് പൊതുവെ വിശേഷിപ്പിക്കപ്പെടുന്നവർ ഒരിക്കലും കത്തോലിക്കാവിരുദ്ധരോ, നിർബന്ധിത പ്രവത്തനശൈലി ഉള്ളവരോ അല്ല. സഭൈക്യത്തിനു് അനുഭാവികളാണവർ. കത്തോലിക്കാസഭയുമായി നല്ല ബന്ധങ്ങൾ ഉള്ളവരും, ക്രിസ്തീയ ഐക്യത്തിനു വേണ്ടി കത്തോലിക്കാ സഭയുമായി സഹകരിച്ചു പ്രവർത്തിക്കുന്നവരുമാണ് ഇവർ. എന്നാൽ

അതേസമയം ഈ കത്തോലിക്കാവിശ്വാസവിരുദ്ധഗ്രൂപ്പുകൾ പലതും പ്രൊട്ടസ്റ്റൻറു വിഭാഗങ്ങളിൽ നിന്നു് ഉടലെടുത്തിട്ടുള്ളവയാണ്. ബൈബിളിൻെറ വ്യക്തിപരവും സ്വതന്ത്രവുമായ വ്യാഖ്യാനത്തെ അനുകൂലിക്കുന്ന പ്രൊട്ടസ്റ്റൻറു നിലപാടിനെ അതിൻെറ തീവ്രതയിൽ സ്വീകരിച്ചിരിക്കുന്ന ഗ്രൂപ്പുകളാണ് ഇവ. ഈ നിലപാടാണ് അവരെ പരമ്പരാഗതമായ പ്രൊട്ടസ്റ്റൻറു മതത്തിൽ നിന്നും മാറിപ്പോകുവാൻ ഇടയാക്കിയതും, അവരുടെയിടയിൽതന്നെ പുതിയ പുതിയ വിഭാഗങ്ങൾ ഉണ്ടാകുവാൻ കാരണമാക്കിത്തീർത്തതും. പുതിയ വ്യാഖ്യാനങ്ങൾക്കനുസരിച്ച് പുതിയ പുതിയ വിഭാഗങ്ങൾ ജന്മംകൊള്ളുന്നു.

## കത്തോലിക്കാവിരുദ്ധഗ്രൂപ്പുകൾക്കെല്ലാം പൊതുവായിട്ടുള്ള പ്രത്യേകതകൾ ഉണ്ടോ?

ഉണ്ട്. ഈ വിഭാഗങ്ങൾ പരസ്പരം ഭിന്നങ്ങളെങ്കിലും അവർക്കെല്ലാവർക്കുമുള്ള പൊതുവായ ചില പ്രത്യേകതകൾ എടുത്തുകാണിക്കുവാൻ സാധിക്കും.

1. നിലവിലുള്ള കത്തോലിക്കാവിരുദ്ധവിഭാഗങ്ങളെല്ലാം തന്നെ കഴിഞ്ഞ നൂറോ നൂറ്റിയൻപതോ വർഷങ്ങൾക്കപ്പുറത്തു് ഉത്ഭവിച്ചിട്ടുള്ളവയാണ്. ഇവ എത്രനാൾ നിൽക്കുമെന്നും നമുക്കറിഞ്ഞുകൂടാ. ഇവ സ്ഥാപിക്കപ്പെട്ടതു് പ്രത്യേക ദൈവപ്രചോദനം സ്വയം അവകാശപ്പെട്ട വ്യക്തികളാലാണ്. ചുരുക്കിപ്പറഞ്ഞാൽ ജനങ്ങളിൽനിന്നു്, അതായതു് മനുഷ്യരിൽ നിന്നാണ് ഇവയുടെയൊക്കെ ഉത്ഭവം.

2. പരമ്പരാഗതസഭകളുമായി തുലനം ചെയ്യുമ്പോൾ കത്തോലിക്കാവിരുദ്ധഗ്രൂപ്പുകൾ സംഖ്യയിൽ വളരെ ചെറുതാണ്. അവർ തങ്ങളുടെ പഠനങ്ങളും, ആചാരങ്ങളും ജനങ്ങളിൽ അടിച്ചേല്പിക്കുന്നു. അവരുടെ നേതാക്കന്മാരാകട്ടെ, ബൈബിൾ വ്യാഖ്യാനങ്ങളിലും പഠനങ്ങളിലും അണുവിടപോലും വ്യതിചലിക്കുവാനോ, സ്വതന്ത്രമായി ചിന്തിക്കുവാനോ അനുയായികളെ അനുവദിക്കാത്തവരുമാണ്.

3. ഓരോ ഗ്രൂപ്പും മതത്തെക്കുറിച്ചും, രക്ഷയെക്കുറിച്ചുമുള്ള സത്യം അവരുടേതുമാത്രമാണെന്നു് അവകാശപ്പെടുന്നു. അവരുടെ കാഴ്ചപ്പാടിൽ മററുള്ള മതങ്ങളെല്ലാം പൂർണ്ണമായും തെററാണ്. അവർ എക്യുമെനിസത്തിനും, സഭയുടെ കാതോലികത്വത്തിനും എതിരാണ്.

4. അവർ സഭയേയും കൂദാശകളേയും ആരാധനാക്രമത്തെയും ക്രിസ്തീയ പാരമ്പര്യത്തേയും പ. കന്യകാമറിയത്തെയും വിശുദ്ധരേയും മാർപ്പാപ്പായേയും മെത്രാന്മാരെയും വൈദികരേയുമെല്ലാം തിരസ്കരിക്കുന്നു. ബൈബിൾ മാത്രം സ്വീകരിക്കുകയും അതു് സ്വതന്ത്രമായി വ്യഖ്യാനിക്കുകയും ചെയ്യുന്നു.

5. അവർ അവരുടെ ഗ്രൂപ്പിൽപ്പെടാത്തവരെയൊന്നും അംഗീകരിക്കാത്ത ഒരു തരം മതഭ്രാന്തരാണ്.

6. അവരുടെ വിശ്വാസവും മതാത്മകതയും വളരെ വൈകാരികവും ലാഘവത്വമുള്ളതുമാണ്. ഒരുവനു് രക്ഷ വൈകാരികതലത്തിൽ അനുഭവിക്കാൻ സാധിക്കുന്നു എന്നു് അവർ അവകാശപ്പെടുന്നു.

7. അവർ കർത്താവിൻെറ ഉടനെയുള്ള രണ്ടാമത്തെ വരവിൽ വിശ്വസിക്കുന്നു. അതിൻെറ ഫലമായി ചരിത്രം, സംസ്കാരം, രാഷ്ട്രം, നീതി, മനുഷ്യാവകാശങ്ങൾ തുടങ്ങിയ മാനുഷിക യാഥാർത്ഥ്യങ്ങളോടു് ഒരു നിസ്സംഗതാമനോഭാവം പുലർത്തുന്നു. അവയെ സംബന്ധിച്ച് ദോഷൈകദൃക്കുകളായി പരിണമിക്കുകയും ചെയ്യുന്നു.

## കത്തോലിക്കാസഭയും വിശ്വാസവിരുദ്ധഗ്രൂപ്പുകളും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

*കത്തോലിക്കാസഭയും വിശ്വാസവിരുദ്ധഗ്രൂപ്പുകളും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളിൽ ചിലവ താഴെ ചേർക്കുന്നു:-*

1. സഭ ചരിത്രപരമായി ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടതും, ക്രിസ്തുവിൻെറ അപ്പസ്തോലന്മാരിൽ അധിഷ്ഠിതവുമാണ്. ഈ ഗ്രൂപ്പുകളാകട്ടെ അടുത്ത കാലത്ത് ചില വ്യക്തികളാൽ സ്ഥാപിക്കപ്പെട്ടതാണ്.

2. സഭയിൽ ക്രിസ്തുവിനാൽ സ്ഥാപിതമായ വി.ശുശ്രൂഷയുണ്ട്: മാർപ്പാപ്പാ കാണപ്പെട്ട തലവനായും മെത്രാന്മാരും വൈദികരും ശുശ്രൂഷകരായിട്ടും. കത്തോലിക്കാവിരുദ്ധഗ്രൂപ്പുകളിൽ ഇങ്ങനെയൊരു ശുശ്രൂഷയില്ല. അവരുടെ നേതാക്കന്മാർ അവരാൽത്തന്നെ നിയമിക്കപ്പെട്ട ജനകീയ പ്രതിനിധികളോ അങ്ങനെ സ്വയം പ്രഖ്യാപിച്ചവരോ അത്രെ.

3. സഭയിൽ ബൈബിൾ വ്യാഖ്യാനിക്കുന്നത് അപ്പസ്തോലികപാരമ്പര്യത്തിൻെറ ഭാഗമായും, അതിനനുസൃതമായിട്ടുമാണ്. അതിനും പുറമെ പുസ്തകവ്യാഖ്യാനത്തിൻെറ സാഹിത്യപരമായ നിയമങ്ങൾ അനുസരിക്കയും ചെയ്യുന്നു. സഭാവിരുദ്ധഗ്രൂപ്പുകളുടെയിടയിൽ ഓരോ വിഭാഗത്തിൻെറയും വിശ്വാസത്തിനനുയോജ്യമായ വാക്യങ്ങൾ തിരഞ്ഞെടുത്ത് സന്ദർഭവും സമാന്തരവാക്യങ്ങളും അവഗണിച്ചാണ് ബൈബിൽ വ്യാഖ്യാനം നടത്തുക. ബൈബിൾ പുസ്തകങ്ങൾ എഴുതപ്പെട്ട കാലത്തെ സാഹചര്യങ്ങളും, ദൈവജനത്തിൻെറ ജീവിതപശ്ചാത്തലങ്ങളും, സാഹിത്യശൈലിയുടെ പ്രത്യേകതകളും ഒന്നും കണക്കിലെടുക്കാതെയുള്ള വ്യാഖ്യാനമാണ് അവരുടേത്. ബൈബിൾ പണ്ഡിതന്മാരുടെ പഠനങ്ങളും നിഗമനങ്ങളും അവർ പരിഗണിക്കുന്നതേയില്ല.

4. സഭ സാർവ്വത്രികമാണ്. വ്യത്യസ്തമായ ആരാധനക്രമവും, ജീവിതശൈലിയും, ആദ്ധ്യാത്മികതയും ഉണ്ടെങ്കിലും ഒരേ വിശ്വാസവും, ഒരേ കൂദാശകളും ഉള്ള വ്യത്യസ്തസഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭ. 'വൈവിധ്യങ്ങളിൽ ഏകത്വം' എന്നത് സഭയുടെ ഒരു പ്രധാനപ്പെട്ട സവിശേഷതയാണ്. സഭാവിരുദ്ധഗ്രൂപ്പുകൾ പലപ്പോഴും പ്രാദേശികങ്ങളും, ഐക്യത്തേക്കാൾ ഐകരൂപ്യത്തിനു് പ്രാധാന്യം കൊടുക്കുന്നവരുമാണ്.

5. കത്തോലിക്കാസഭയിൽ മാനസാന്തരത്തിലും അർപ്പണത്തിലുമുള്ള തീവ്രതയിൽ വൈവിധ്യം അംഗീകരിക്കപ്പെടുന്നു. സഭയിൽ വിവിധ ശ്രേണികളിൽ മാനസാന്തരപ്പെട്ടവരേയും, സമർപ്പിതരേയും അംഗങ്ങളായി സ്വീകരിക്കുന്നു. സഭാംഗങ്ങളിൽ പലരും പാപികളാണെന്നും നിരന്തര മാനസാന്തരം ആവശ്യമുള്ളവരാണെന്നും സഭ അംഗീകരിക്കുന്നു. എന്നാൽ സഭാവിരുദ്ധഗ്രൂപ്പുകളിൽ ഓരോ അംഗവും പൂർണ്ണമായി മാനസാന്തരപ്പെട്ട്, രക്ഷിക്കപ്പെട്ടവരാണെന്ന് അവകാശപ്പെടുന്നു.

6. സഭയിൽ അധികാരവും ശിക്ഷണവും വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ച കാര്യങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. സഭാവിരുദ്ധഗ്രൂപ്പുകളിൽ അധികാരം വ്യക്തികളുടെ ജീവിതരീതിയേയും, രാഷ്ട്രീയ നിലപാടുകളെപ്പോലും നിയന്ത്രിക്കുന്നു.

7. മന:സാക്ഷിക്കനുസരിച്ച് ജീവിക്കുകയാണെങ്കിൽ സഭാംഗത്വം ഇല്ലാത്തവർക്കും രക്ഷ പ്രാപിക്കുക സാധ്യമാണെന്ന് കത്തോലിക്കാസഭ വിശ്വസിക്കുന്നു. സഭാവിരുദ്ധഗ്രൂപ്പുകൾ അവരുടെ ഗ്രൂപ്പുകളിൽപ്പെട്ടവർക്കു മാത്രമെ രക്ഷയുള്ളു എന്നവകാശപ്പെടുന്നു.

8. സഭയിൽ വ്യക്തിയുടെ സദാചാരത്തിനും സമൂഹത്തിന്റെ സദാചാരത്തിനും ഒരുപോലെ ഊന്നൽ കൊടുക്കുന്നു. എന്നാൽ സഭാവിരുദ്ധഗ്രൂപ്പുകൾ വ്യക്തിയുടെ സദാചാരത്തിനു മാത്രമെ പ്രാധാന്യം കല്പിക്കുന്നുള്ളു.

9. സഭ മാനുഷിക യാഥാർത്ഥ്യങ്ങളോടും സ്ഥിതിഗതികളോടുമൊക്കെ ക്രിയാത്മകമായ നിലപാടു സ്വീകരിക്കുകയും, അവയെ മെച്ചപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നു. സഭാവിരുദ്ധഗ്രൂപ്പുകൾ അവയോട് നിഷേധാത്മകമായ നിലപാടാണ് സ്വീകരിക്കുന്നത്. മനുഷ്യന്റെ ഈലോകജീവിതം മെച്ചപ്പെടുത്തുന്നതിൽ താല്പര്യപ്പെടുന്നില്ല. അവർക്ക് രക്ഷയും, ദൈവഭരണവുമൊക്കെ വെറും ആന്തരികയാഥാർത്ഥ്യങ്ങളായി പരിണമിക്കുന്നു. യഹോവാസാക്ഷികൾ ദൈവഭരണം ഭൂമിയിൽത്തന്നെ ഒരു ഭാവിയിൽ സ്വപ്നം കാണുന്നു.

# സഭാവിരുദ്ധഗ്രൂപ്പുകളും ബൈബിളും

## ബൈബിളിനെപ്പററി:-

സഭാവിരുദ്ധഗ്രൂപ്പുകൾ അവരുടെ പ്രധാന ഉപകരണമായി ഉപയോഗിക്കുന്നതു് ബൈബിൾ ആണ്. അതുകൊണ്ടു് ബൈബിൾ എന്താണെന്നും, ബൈബിൾ എങ്ങനെയാണ് വ്യാഖ്യാനിക്കേണ്ടതെന്നും, സഭാവിരുദ്ധഗ്രൂപ്പുകൾ ബൈബിൾ എങ്ങനെ വ്യാഖ്യാനിക്കുന്നു എന്നെല്ലാം അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണ്.

## ബൈബിൾ എങ്ങനെ എഴുതപ്പെട്ടു?

പഴയനിയമത്തിലെ പുസ്തകങ്ങൾ മിക്കവാറും എല്ലാം തന്നെ ക്രിസ്തുവിനു് മുമ്പു് ഏഴോ എട്ടോ നൂററാണ്ടുകളിൽ എഴുതപ്പെട്ടവയാണ്. പഴയനിയമപുസ്തകങ്ങൾ ഉൾക്കൊള്ളുന്ന കാര്യങ്ങളെല്ലാം അതിനുമുമ്പുണ്ടായിരുന്ന അലിഖിതവും, ലിഖിതവുമായ ഇസ്രായേലിൻെറ വിശ്വാസപാരമ്പര്യങ്ങളിൽനിന്നു് എടുത്തിട്ടുള്ളവയാണ്. അവ വിശ്വാസത്തേയും, സന്മാർഗ്ഗത്തേയും സംബന്ധിക്കുന്ന സന്ദേശങ്ങൾ നമുക്കു് തെററുകൂടാതെ നൽകത്തക്കവിധം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടു് എഴുതപ്പെട്ടിട്ടുള്ളവയാണ്. ഇതിൽനിന്നും മനസ്സിലാകുന്നതു് പഴയനിയമം എഴുതപ്പെടുന്നതിനുമുമ്പു് ദൈവജനമായ ഇസ്രായേലിൻെറ വിശ്വാസപാരമ്പര്യവും നിലവിലിരുന്നു എന്നാണ്.

പുതിയനിയമത്തെ സംബന്ധിച്ചും ഇതുപോലെ ഒരു രൂപവൽക്കരണമാണ് നമുക്കു് കാണുവാൻ സാധിക്കുക. ഈശോ ഒന്നും എഴുതിയില്ല. അവിടുന്നു് പ്രസംഗിക്കുകയും, പ്രവർത്തിക്കുകയും ചെയ്തവനാണ്. ഈശോ ശിഷ്യരോടു പറഞ്ഞതു് ഇരുന്നു് എഴുതുവാനല്ല, ലോകം മുഴുവൻ

സുവിശേഷം പ്രസംഗിക്കുവാനാണ്. അപ്പസ്തോലന്മാരുടെ സുവിശേഷപ്രഘോഷണം ആരംഭിച്ചതിനുശേഷവും ഇരുപതുമുപ്പതുകൊല്ലങ്ങൾക്കകം ഒന്നും എഴുതിയതായി നമുക്ക് രേഖയില്ല. അവർ തങ്ങളുടെ സുവിശേഷപ്രഘോഷണങ്ങളിലൂടെ പലയിടങ്ങളിലുമായി സഭ അഥവാ വിശ്വാസികളുടെ സമൂഹം സ്ഥാപിക്കുകയത്രേ ചെയ്തതു്. ദൈവത്തെക്കുറിച്ചും, ക്രിസ്തുവിനെക്കുറിച്ചും ക്രിസ്തുവിൻെറ സുവിശേഷത്തെക്കുറിച്ചും സഭ വിശ്വസിച്ചതും, പഠിപ്പിച്ചതുമായ കാര്യങ്ങളാണ് അവർ പിന്നീടു് എഴുതുന്നതു്. അവ തെററു കൂടാതെ എഴുതുവാൻ പരിശുദ്ധാത്മാവു് അവരെ നയിക്കുകയും ചെയ്തു. ആകയാൽ പുതിയനിയമം എഴുതപ്പെടുന്നതിനുമുമ്പ് സഭയും സഭയുടെ വിശ്വാസ പാരമ്പര്യവും നിലവിൽ വന്നിരുന്നു. ഈ വിശ്വാസ പാരമ്പര്യമാണ് പുതിയനിയമത്തിനു ജന്മം നല്കിയതു്.

## ബൈബിളിനെ സഭയിൽനിന്നും വേർതിരിക്കാമോ?

പാടില്ല. കത്തോലിക്കാസഭയും ബൈബിളും അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. കാരണം മേൽ പ്രസ്താവിച്ചതുപോലെ ബൈബിൾ എഴുതപ്പെട്ടതു സഭയിലാണ്, സഭയാലാണ്, സഭയ്ക്കുവേണ്ടിയാണ്. നാം ഇപ്പോൾ വായിക്കുന്ന ബൈബിൾ ശരിയായിട്ടുള്ള, എഴുതപ്പെട്ട ദൈവവചനമാണെന്നു് നമുക്കു് ഉറപ്പുതരുന്നതു് സഭയാണ്. ബൈബിൾ എഴുതപ്പെട്ടകാലത്തിനു വളരെക്കാലംമുമ്പു ജീവിച്ചിരുന്ന ജനതകളെക്കുറിച്ചും, നടന്ന സംഭവങ്ങളെക്കുറിച്ചുമൊക്കെ ബൈബിൾ പറയുന്നതു ശരിയാണെന്നും, സത്യമാണെന്നും, ദൈവനിവേശിതങ്ങളാണെന്നും സഭയല്ലാതെ ആരു നമുക്കു തീർച്ച നൽകും? ഇന്നു് നമുക്കു് ലഭ്യമായിട്ടുള്ള 4 സുവിശേഷങ്ങൾ ദൈവനിവേശിതങ്ങളാണെന്നും, സത്യമാണെന്നും സഭയില്ലെങ്കിൽ ആരു നമുക്കു് ഉറപ്പുനൽകും? ക്രിസ്തുവിനെക്കുറിച്ചു് എഴുതപ്പെട്ട മററു പല ലിഖിതങ്ങളും ഉള്ള സ്ഥിതിക്കു് ഈ 4 സുവിശേഷങ്ങളാണ് യഥാർത്ഥത്തിൽ സത്യമെന്നും, ദൈവനിവേശിതങ്ങളെന്നും നമുക്കു് ഉറപ്പു നൽകുവാൻ

അന്നുമുതൽ ഇന്നുവരെ തുടർച്ചയായി നിലകൊള്ളുന്ന സഭയ്ക്കു മാത്രമേ സാധിക്കൂ. ആദിമസഭാസമൂഹങ്ങളെ സംബോധന ചെയ്തുകൊണ്ട് എഴുതപ്പെട്ട അനേകം ലേഖനങ്ങളുള്ള സ്ഥിതിക്ക് പുതിയനിയമലേഖനങ്ങൾ മാത്രം ദൈവനിവേശിതങ്ങളാണെന്ന് എങ്ങനെ അറിയാൻ സാധിക്കും? ദൈവത്താൽ, ദൈവത്തിന്റെ അരൂപിയാൽ നയിക്കപ്പെടുന്ന സഭയ്ക്കു മാത്രമേ ഇതു മാത്രമാണ് സത്യമെന്നും, ദൈവനിവേശിതങ്ങളെന്നും നമുക്കു തീർച്ച തരുവാൻ സാധിക്കുകയുള്ളു. സഭ സ്വന്തം പാരമ്പര്യത്തിൽ നിന്നും ബൈബിൾ എഴുതി. ആ സഭയാണ് ബൈബിളിന് ഉറപ്പു നൽകുന്നതും. സഭയെക്കൂടാതെ ബൈബിളിന്റെ വിശ്വാസ്യതയ്ക്ക് മറെറാരു ആധാരവുമില്ല. ആകയാൽ സഭയെക്കൂടാതെ ബൈബിളോ, ബൈബിളിനെക്കൂടാതെ സഭയോ ഇല്ല. ബൈബിളും സഭയും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

## ബൈബിൾ എന്തിനുവേണ്ടി എഴുതപ്പെട്ടു?

ദൈവത്തെക്കുറിച്ചും, ദൈവത്തിന്റെ രക്ഷാകരപദ്ധതിയെക്കുറിച്ചും, രക്ഷാകരപ്രവർത്തനങ്ങളെക്കുറിച്ചും ദൈവജനത്തെക്കുറിച്ചും, രക്ഷാകരപദ്ധതിയിൽ ദൈവജനത്തിനുള്ള സ്ഥാനത്തെക്കുറിച്ചും, ദൈവജനത്തിന്റെ ജീവിത ശൈലിയെക്കുറിച്ചും ക്രിസ്തുകേന്ദ്രീകൃതമായി വെളിപ്പെടുത്തിയ കാര്യങ്ങൾ വരുംതലമുറയ്ക്കു് പകർന്നു കൊടുക്കുന്നതിനുവേണ്ടിയാണ് ബൈബിൾ രചിക്കപ്പെട്ടതു്. ആ കാര്യങ്ങൾ തെററുകൂടാതെ നമുക്ക് കൈമാറുവാൻ ദൈവാരൂപിയുടെ പ്രത്യേക പരിപാലന ബൈബിൾ എഴുതപ്പെടുന്നതിൽ പ്രവർത്തിച്ചിട്ടുമുണ്ട്.

## ബൈബിളിൽനിന്നും നമ്മൾ എന്തു പ്രതീക്ഷിക്കരുത്?

ബൈബിൾ ഒരു ചരിത്രപുസ്തകമല്ല. വെറും ചരിത്ര സംഭവങ്ങൾ രേഖപ്പെടുത്തുവാനുള്ളതുമല്ല. ശാസ്ത്രമോ, ഭൂമിശാസ്ത്രമോ, ജ്യോതിശാസ്ത്രമോ, സാമൂഹ്യശാസ്ത്രമോ,

മാനവികശാസ്ത്രങ്ങളോ പഠിപ്പിക്കാനല്ല ബൈബിൾ എഴുതപ്പെട്ടത്. മതപരമായ കാര്യങ്ങളിൽപോലും നമ്മുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുക എന്നതല്ല ബൈബിൾ എഴുതിയതിന്റെ പിന്നിലെ ഉദ്ദേശ്യം. നമ്മുടെ ക്രിസ്തീയവും മതപരവുമായ ജീവിതത്തിന് ആവശ്യമായിട്ടുള്ള കാര്യങ്ങൾ മാത്രമാണ് ബൈബിൾ നൽകുവാൻ ഉദ്ദേശിക്കുന്നത്. അതേസമയം ഇവ എഴുതപ്പെട്ടത് ഓരോ കാലത്തേയും സംസ്കാരത്തിനും, ഭാഷയ്ക്കും, ശൈലിയ്ക്കും അനുരൂപമായിട്ടാണ്.

## ബൈബിൾ വ്യാഖ്യാനിക്കുമ്പോൾ നമ്മൾ കണക്കിലെടുക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

1. ബൈബിൾ എഴുതപ്പെട്ട കാലവും, നമ്മുടെ കാലഘട്ടവുമായി വളരെ അന്തരമുണ്ട്. അതുകൊണ്ട് അക്ഷരാർത്ഥത്തിൽ ബൈബിൾ വ്യാഖ്യാനിച്ചാൽ ശരിയാകുകയില്ല. ബൈബിൾ എഴുതപ്പെട്ട കാലത്തെ സാംസ്കാരിക പശ്ചാത്തലത്തിനും ഭാഷയുടേതായ പ്രത്യേകതകൾക്കും അനുസൃതമായിവേണം ബൈബിൾ വ്യാഖ്യാനിക്കുവാൻ.

2. ഓരോ പുസ്തകത്തിന്റെയും സാഹിത്യരൂപം കണക്കിലെടുത്തുകൊണ്ടുവേണം, ബൈബിളിലെ ഓരോ പുസ്തകവും നൽകുന്ന സന്ദേശം ഉൾക്കൊള്ളുവാനും മനസ്സിലാക്കുവാനും. ഏതു പുസ്തകവും അങ്ങനെയാണല്ലോ നാം വായിച്ചു മനസ്സിലാക്കുക. ഉദാഹരണത്തിനു ഒരു നോവലിനെ ചരിത്രപുസ്തകമായി ആരും വായിക്കാറില്ല. ബൈബിൾ പലപ്പോഴും പ്രതീകങ്ങളിലൂടെയാണ് മതപരമായ സന്ദേശം നൽകുക. ഉദാഹരണത്തിനു വെളിപാടുപുസ്തകം ഒരു പ്രത്യേക തരത്തിലുള്ള പ്രതീകങ്ങളിലൂടെ സന്ദേശം നൽകുന്ന ഒരു പുസ്തകമാണ്. അതു അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചാൽ തെററുപററും. സുവിശേഷങ്ങളിൽ ഈശോ ഉപമകൾ പറയുന്നുണ്ട്. ഇവയെ ചരിത്രമായി എടുത്താൽ അവ വ്യാഖ്യാനിക്കുന്ന

തിൽ തെററുപററും. ഉൽപത്തിപുസ്തകം സൃഷ്ടിയുടെയും പാപത്തിൻെറയുമൊക്കെ വിവരണം പ്രതീരൂപങ്ങളിലൂടെയാണ് നല്കുന്നതു്. ഇങ്ങനെ നോക്കിയാൽ ബൈബിളിൽ സാഹിത്യരൂപങ്ങളുടെ തികച്ചും വൈവിധ്യമാർന്ന ഒരു ശൈലിതന്നെയുണ്ടു്. അവ കണക്കിലെടുക്കാതെ സഭാവിരുദ്ധഗ്രൂപ്പുകൾ ചെയ്യുന്നതുപോലെ വെറും അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചാൽ തീർച്ചയായും തെററുപററും.

## ബൈബിൾ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എളുപ്പമോ?

ബൈബിൾ മനസ്സിലാക്കാനും വ്യാഖ്യാനിക്കാനും എളുപ്പമല്ലെന്നു് മുകളിൽ പറഞ്ഞ കാരണങ്ങൾ നമുക്കു വ്യക്തമാക്കിത്തരുന്നു. ''ആദ്യം നിങ്ങൾ ഇതു മനസ്സിലാക്കുവിൻ: വിശുദ്ധ ലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നും തന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല. എന്തുകൊണ്ടെന്നാൽ പ്രവചനങ്ങൾ ഒരിക്കലും മാനുഷിക പ്രചോദനയാൽ രൂപം കൊണ്ടതല്ല. പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിൻെറ മനുഷ്യർ സംസാരിച്ചവയാണ്'' (2പത്രോ 1.20-21) അതുകൊണ്ടു് ബൈബിൾ വ്യാഖ്യാനത്തിനു് നമുക്കെല്ലാവർക്കും സഭയാൽ നയിക്കപ്പെടേണ്ടതിൻെറ ആവശ്യകതയുണ്ടു്. സഭ ബൈബിൾ ഗ്രന്ഥങ്ങളിലെ സാഹിത്യരൂപങ്ങൾ വിവേചിച്ചു് അവയിലുള്ള മതപരമായ സന്ദേശങ്ങൾ നമുക്കു കാണിച്ചു തരുന്നു. സംശയം ഉളവാകുമ്പോൾ ശരിയായ വ്യാഖ്യാനം നമുക്കു പ്രദാനം ചെയ്യുന്നു. സഭയാൽ നയിക്കപ്പെടുന്നില്ലെങ്കിൽ ബൈബിൾ ക്രൈസ്തവരുടെയിടയിൽ വാഗ്വാദത്തിനും വിഭജനത്തിനുമുള്ള ഉറവിടമായി ഭവിക്കുന്നു, വൈരുദ്ധ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു പുസ്തകമായി തീരുന്നു. ഒരേ വാചകത്തിനു തന്നെ വിവിധങ്ങളായ വ്യാഖ്യാനങ്ങൾ കൊടുക്കുന്ന വ്യത്യസ്ത സഭാവിരുദ്ധഗ്രൂപ്പുകൾ ഇതിനുദാഹരണമാണ്.

***ബൈബിൾ വ്യാഖ്യാനത്തിൽ സഭയെ അവഗണിക്കുന്നെങ്കിൽ എന്ത് സംഭവിക്കും?***

സഭയുടെ നയിക്കൽ കൂടാതെയുള്ള ബൈബിൾ വ്യാഖ്യാനങ്ങൾ പുതിയ സഭകളുടെയും മതപരമായ ഗ്രൂപ്പുകളുടെയും ഉത്ഭവത്തിന്നു കാരണമായിത്തീരുന്നു. പരസ്പര വിരുദ്ധങ്ങളായ വ്യാഖ്യാനങ്ങൾ നൽകി അതിലധിഷ്ഠിതമായ ഒരു പുതിയ സഭയോ ഒരു പുതിയ ഗ്രൂപ്പോ സ്ഥാപിക്കുവാനും ഇതു് ഓരോ വ്യാഖ്യാതാവിനും (പ്രസംഗകനും) അവസരം നൽകുന്നു.

# സഭാവിരുദ്ധഗ്രൂപ്പുകൾ ബൈബിൾ എങ്ങനെ ദുരുപയോഗിക്കുന്നു

***സഭാവിരുദ്ധഗ്രൂപ്പുകൾക്ക് ബൈബിൾ പഠനത്തിനും വ്യാഖ്യാനത്തിനും ശരിയായ പരിശീലനം ഉണ്ടോ?***

സഭാവിരുദ്ധഗ്രൂപ്പുകളിലെ അംഗങ്ങൾക്കു് ബൈബിൾ സംബന്ധമായ അറിവും പരിശീലനവും വളരെ അപൂർണ്ണമാണ്. അതായതു് അതിന്റെ ഉള്ളടക്കത്തെക്കുറിച്ചും അർത്ഥത്തെക്കുറിച്ചും പൊതുവായ വീക്ഷണത്തെക്കുറിച്ചും അടിസ്ഥാന തത്വങ്ങളെപ്പററിയുമുള്ള അറിവ് വളരെ പരിമിതമാണ്. എങ്കിലും പല വാചകങ്ങളും അവക്കു കാണാതെ പറയാനും ഉദ്ധരിക്കാനും സാധിക്കുന്നതുകൊണ്ടു കത്തോലിക്കരുടെ മുമ്പിൽ ഞങ്ങൾ ബൈബിളിനെ സംബന്ധിച്ച് അറിവുള്ളവരാണ് എന്ന പ്രതീതി ജനിപ്പിക്കാൻ സാധിക്കുന്നു. എന്നാൽ അവർ ഉദ്ധരിക്കുന്ന വാചകങ്ങൾ അവരുടെ പ്രത്യേക വിശ്വാസങ്ങളെ സംബന്ധി

ച്ചുള്ളവയും കത്തോലിക്കാസഭയെ വിമർശിക്കാൻ ഉതകു ന്നവയും മാത്രമാണ്. സഭാവിരുദ്ധഗ്രൂപ്പുകളിൽപ്പെട്ടവ രെ നേരിടുമ്പോൾ ബൈബിൾ പഠിച്ചിട്ടുള്ളവർക്ക് അവർ ഉദ്ധരിക്കുന്ന ഓരോ വാചകത്തിനും, ശരിയായ വ്യാഖ്യാന ങ്ങൾ കൊടുത്ത് അവരുടെ നിലപാട് തെററാണെന്ന് ചൂണ്ടിക്കാണിക്കുവാൻ സാധിക്കും. പക്ഷെ അതിനേ ക്കാൾ പ്രധാനം അവർ ബൈബിൾ ഉപയോഗിക്കുന്ന രീതിയിലുള്ള തെററ് ചൂണ്ടിക്കാണിക്കുക എന്നതാണ്. അതാണ് ആദ്യമായി ചെയ്യേണ്ടത്. കത്തോലിക്കരും പ്രോട്ടസ്ററൻറുകാരും ഒരുപോലെ ഇന്നംഗീകരിക്കുന്ന ബൈബിൾ വ്യാഖ്യാനത്തിൻെറ പൊതുവായ നിയമ ങ്ങൾ അവർ സ്വീകരിക്കുന്നില്ല.

## *ബൈബിൾ വ്യാഖ്യാനത്തിലുള്ള സഭാവിരുദ്ധഗ്രൂപ്പുകളുടെ അടിസ്ഥാന പരമായ തെററുകൾ ഏവയാണ്?*

അവരുടെ വ്യാഖ്യാനത്തിൻെറ അടിസ്ഥാനപരമായ തെററുകൾ താഴെപ്പറയുന്നവയാണ്:–

1. അവർ ബൈബിളിനെ വിശ്വാസത്തിൻെറ ഏക ഉറവിടമായി പരിഗണിക്കുന്നു. സഭയേയും അപ്പ സ്തോലിക പാരമ്പര്യങ്ങളെയും അവർ അവഗണിക്കുന്നു. ബൈബിളിൽ എല്ലാം എഴുതപ്പെട്ടിട്ടില്ല എന്ന് ബൈ ബിൾ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. "യേശു ചെയ്ത മററു പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെ ങ്കിൽ, ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനുതന്നെ സാധിക്കാതെ വരുമെന്നാണ് എനിക്കു തോന്നുന്നത്" (യോഹ 21:25). ബൈബിളും സഭയും തമ്മിൽ അഭേദ്യ മായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും, ബൈബിൾ എഴുത പ്പെട്ടത് സഭയിലാണ്, സഭയാലാണ്, സഭയ്ക്കുവേണ്ടി യാണ് എന്നും ആദ്യഭാഗത്ത് നമ്മൾ പറഞ്ഞിട്ടുള്ളത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

2. സഭാവിരുദ്ധഗ്രൂപ്പുകൾ ബൈബിൾ അക്ഷരാ ർത്ഥത്തിൽ വ്യാഖ്യാനിക്കുന്നു. പറയുന്ന സന്ദർഭമോ,

അതിനോടു ബന്ധപ്പെട്ടു ബൈബിൾ പഠിപ്പിക്കുന്ന മററു കാര്യങ്ങളോകണക്കിലെടുക്കാതെ വാചകങ്ങൾ അതിൻെറ അക്ഷരാത്ഥത്തിൽ മാത്രം മനസ്സിലാക്കുകയും അവർക്കുതകുന്നവിധത്തിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. അവർ തങ്ങളുടെ പഠനങ്ങൾക്കനുസൃതമായി ബൈബിൾ വിവർത്തനങ്ങൾ ഉണ്ടാക്കുന്നു. മൂലഭാഷയോടു് വിശ്വസ്തത പുലർത്താത്ത വിവർത്തനങ്ങൾ നൽകി പ്രസിദ്ധീകരിക്കുന്നു. ഉദാഹരണത്തിനു് യോഹ 1: 1ൽ ''വചനം ദൈവമായിരുന്നു'' എന്നുള്ളതു് ''വചനം ഒരു ദൈവമായിരുന്നു'' എന്നാക്കിയിരിക്കുന്നു. ക്രിസ്തുവിൻെറ ദൈവത്വം നിഷേധിക്കാൻ വേണ്ടിയാണിതു്.

3. അവർ ബൈബിൾ വ്യാഖ്യാനത്തിൻെറ ആദിമ കാലം മുതലുള്ള ചരിത്രത്തെ അവഗണിച്ചു് സ്വന്തം വ്യാഖ്യാനങ്ങൾ നൽകുന്നു.

4. അവർ എല്ലാക്കാര്യങ്ങൾക്കും, എല്ലാ പ്രശ്നങ്ങൾക്കും, ബൈബിളിൽ ഉദ്ദേശിക്കാത്ത പ്രശ്നങ്ങൾക്കും ബൈബിളിൽനിന്നു് ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നു.

## *മററു് ഏതെല്ലാം വിധത്തിൽ അവർ ബൈബിൾ ദുരുപയോഗിക്കുന്നു?*

1. കത്തോലിക്കാവിശ്വാസത്തെ വിമർശിക്കുവാനും, ചോദ്യം ചെയ്യുവാനും അവർ പഴയനിയമവാചകങ്ങൾ ഉപയോഗിക്കുന്നു. പഴയനിയമവാചകങ്ങളെ അവയുടെ പരിമിതികൾ പരിഗണിക്കാതെ സഭയുടെ വിശ്വാസത്തെ ചോദ്യം ചെയ്യുവാൻ എടുത്തുപയോഗിക്കുന്നു. പക്ഷെ പഴയനിയമം ദൈവത്തിൻെറ വെളിപ്പെടുത്തലിൻെറ പൂർണ്ണരൂപം നൽകുന്നില്ല. അതു് ക്രിസ്തുവിലുള്ള വെളിപ്പെടുത്തലിനുള്ള ഒരുക്കം മാത്രമാണ്. വെളിപാടിൻെറ പൂർണ്ണത ക്രിസ്തുവിലാണ്– പുതിയനിയമത്തിലാണ്– നാം ദർശിക്കുക. പല കാര്യങ്ങളിലും ക്രിസ്തുവും പുതിയ നിയമവും, പഴയനിയമ പ്രസ്താവനകളെ തിരുത്തുകയോ, മാററുകയോ, വികസിപ്പിക്കുകയോ, പുനർവ്യാഖ്യാനിക്കുകയോ, നിർത്തലാക്കുകയോ ചെയ്തിട്ടുള്ളതായി നമുക്കു

കാണാം. അങ്ങനെയുള്ള പഴയനിയമവാചകങ്ങളാണ് പലപ്പോഴും ഈ സഭാവിരുദ്ധഗ്രൂപ്പുകൾ സഭയ്ക്കെതിരായി എടുത്തു പ്രയോഗിക്കുന്നതു്.

## ചില ഉദാഹരണങ്ങൾ

a. ക്രിസ്തു പലപ്പോഴും ഗിരിപ്രഭാഷണത്തിൽ ആവർത്തിച്ചു പറയുന്ന ഒരു സംഗതിയുണ്ടു്. ''കൊല്ലരുതു്.... എന്നു് പൂർവ്വികരോടു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ (പഴയനിയമം). എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: സഹോദരനോടു് കോപിക്കുന്നവൻ ന്യായവിധിക്കു് അർഹനാകും. സഹോദരനെ ഭോഷാ എന്നു വിളിക്കുന്നവൻ ന്യായാധിപസംഘത്തിൻെറ മുമ്പിൽ നിൽക്കേണ്ടിവരും. വിഡ്ഢി എന്നു വിളിക്കുന്നവനാകട്ടെ നരകാഗ്നിക്കു് ഇരയായിത്തീരും'' (പുതിയനിയമം) (മത്താ 5: 21_22). മററുദാഹരണങ്ങൾ: (മത്താ 5:27_28; 5: 31_32; 5: 33_34; 5; 38_39; 5: 43_44).

b. വിവാഹമോചനം പഴയനിയമത്തിൽ അനുവദിച്ചിരുന്നു. ''ഒരുവൻ വിവാഹിതനായതിനുശേഷം ഭാര്യയിൽ എന്തെങ്കിലും തെററു കണ്ടു് അവനു് അവളോടു് ഇഷ്ടമില്ലാതായാൽ, ഉപേക്ഷാപത്രം കൊടുത്തു് അവളെ വീട്ടിൽനിന്നു് പറഞ്ഞയയ്ക്കട്ടെ'' (നിയമാവർത്തനം 24: 1). പക്ഷേ പുതിയനിയമം ഇതു് പൂർണ്ണമായും നിഷേധിക്കുന്നു. അവർ അവനോടു ചോദിച്ചു: അങ്ങനെയെങ്കിൽ ഉപേക്ഷാപത്രം നൽകി ഭാര്യയെ ഉപേക്ഷിക്കാമെന്നു് മോശ വിധിച്ചതെന്തുകൊണ്ടു്? അവൻ പറഞ്ഞു: ''നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമാണ് ഭാര്യയെ ഉപേക്ഷിക്കാൻ മോശ നിങ്ങൾക്കു് അനുമതി നൽകിയതു്. ആദിമുതലേ അങ്ങനെയായിരുന്നില്ല'' (മത്താ 19: 7_8).

c. പഴയനിയമത്തിൽ കർത്താവിൻെറ ദിവസം സാബത്തുദിവസമാണ്. എന്നാൽ പുതിയനിയമത്തിൽ അതു ഞായറാഴ്ചയാണ്.

d. പഴയനിയമത്തിൽ പ്രതിമകളെ വന്ദിക്കുന്നതു് നിരുത്സാഹപ്പെടുത്തിയിരുന്നു. കാരണം വിഗ്രഹാരാധന

യുടെ അപകടം ഉണ്ടായിരുന്ന ഒരു സന്ദർഭമായിരുന്നു അതു്. എന്നാൽ പുതിയനിയമത്തിൽ അങ്ങനെ ഒരു നിരോധനം കാണുന്നില്ല. കാരണം അങ്ങനെയൊരു അപകടം പുതിയനിയമകാലഘട്ടത്തിൽ ഇല്ലായിരുന്നു. വിശുദ്ധ യോഹന്നാൻെറ 1-ാം ലേഖനം 5-ാം അദ്ധ്യായം 21-ാം വാക്യത്തിൽ ഇപ്രകാരം കാണുന്നുണ്ടു്. ''കുഞ്ഞു മക്കളേ, വിഗ്രഹങ്ങളിൽനിന്നു് അകന്നിരിക്കുവിൻ'' എന്നു്. എന്നാൽ ആ ലേഖനത്തിൽ ഒരിടത്തും വിഗ്രഹാരാധനയെക്കുറിച്ചു് പരാമർശം ഉള്ളതായി കാണുന്നില്ല. ദൈവസ്നേഹത്തെക്കുറിച്ചും പരസ്നേഹത്തെക്കുറിച്ചുമാണ് ഈ ലേഖനം പ്രതിപാദിക്കുന്നതു്. അതുകൊണ്ടു് ഇതു് സ്നേഹത്തിനു വിരുദ്ധമായി ഹൃദയത്തിൽ കടന്നുകൂടുന്ന സ്വാർത്ഥതയുടെ മൂർത്തീഭാവമായ വിഗ്രഹങ്ങളെയാണ് സൂചിപ്പിക്കുന്നതു് എന്നുവേണം കരുതുവാൻ.

2. സന്ദർഭത്തിൽനിന്നും വിടർത്തി വാചകങ്ങൾ ഉദ്ധരിക്കുകയും, അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ആ വാചകത്തിൻെറ അർത്ഥം വ്യക്തമാക്കുന്ന മററു വാചകങ്ങളും സന്ദർഭങ്ങളും അവഗണിക്കുകയും ചെയ്യുന്നു.

## ഉദാഹരണങ്ങൾ

a പുറപ്പാടു പുസ്തകം 20-ാം അദ്ധ്യായം 4 ഉം 5 ഉം വാക്യങ്ങളിൽ പ്രതിമയോ, സ്വരൂപങ്ങളോ നിർമ്മിക്കുകയോ, പ്രണമിക്കുകയോ, ആരാധിക്കുകയോ ചെയ്യുന്നതു് നിരോധിക്കുന്നു. ഇതിനെ അടിസ്ഥാനമാക്കി കത്തോലിക്കർ പ്രതിമയെ ആരാധിക്കുന്നവരാണ് എന്നു് ചില സഭാവിരുദ്ധഗ്രൂപ്പുകൾ പറയുകയും സഭയെ കുററപ്പെടുത്തുകയും ചെയ്യുന്നു. പക്ഷെ പുറപ്പാടുപുസ്തകം 25-ാം അദ്ധ്യായത്തിൽ പ്രതിമകൾ ഉണ്ടാക്കണമെന്നു് ദൈവം നിർദ്ദേശിക്കുന്നു. ''കൃപാസനത്തിൻെറ രണ്ടററത്തുമായി അടിച്ചുപരത്തിയ സ്വർണ്ണംകൊണ്ടു് രണ്ടു കെരൂബുകളെ നിർമ്മിക്കണം. കൃപാസനത്തിൻെറ രണ്ടററത്തും അതിനോടു് ഒന്നായി ചേർന്നിരിക്കത്തക്കവണ്ണംവേണം കെരൂബു

കളെ നിർമ്മിക്കാൻ. കൃപാസനം മൂടത്തക്കവിധം കെരൂബുകരം ചിറകുകരം മുകളിലേയ്ക്കു വിരിച്ചു പിടിച്ചിരിക്കണം. കെരൂബുകരം കൃപാസനത്തിലേയ്ക്കു തിരിഞ്ഞു് മുഖാഭിമുഖം നിലകൊള്ളണം'' (പുറപ്പാടു് 25 : 18-20) (2 ദിനവൃത്താന്തം 3:7 ff).

b. പുറപ്പാടു പുസ്തകം 20:2-17 വാക്യങ്ങരം ഉദ്ധരിച്ചുകൊണ്ടു് സഭ പഠിപ്പിക്കുന്ന 10 പ്രമാണങ്ങരം ഇതിനു വിരുദ്ധമാണെന്നും, സഭ 10 പ്രമാണങ്ങരംക്കു മാററം വരുത്തി അങ്ങനെ ബൈബിരം പഠനങ്ങളിൽ മാററം വരുത്തിയെന്നും ചിലർ വാദിക്കുന്നു. അതേസമയം നിയമാവർത്തന പുസ്തകം 5:6-21 വരെയുള്ള വാക്യങ്ങളിൽ കൊടുത്തിരിക്കുന്ന 10 പ്രമാണങ്ങളിൽ അധിഷ്ഠിതമായിട്ടാണ് സഭ 10 പ്രമാണങ്ങരം പഠിപ്പിക്കുന്നതു് എന്നുള്ള കാര്യം ഇവർ മന:പൂർവ്വം മറച്ചുവയ്ക്കുന്നു.

3. സഭ പഠിപ്പിക്കുന്നതു് ആയിരിക്കുന്ന വിധത്തിൽ മനസ്സിലാക്കാതെ, സഭ പഠിപ്പിക്കുന്നതു് തെററാണെന്നു പറഞ്ഞു് അവർ വിമർശിക്കുന്നു. മുൻവിധിയോടെ സഭയുടെ പഠനങ്ങളെ കാണുകയും, സഭയെ കുററപ്പെടുത്തുകയും ചെയ്യുന്നു. സഭ എന്താണ് പഠിപ്പിക്കുന്നതെന്നു് കൃത്യമായി പഠിച്ചിരുന്നെങ്കിൽ ഒരുപക്ഷേ ഈ വിമർശനങ്ങരം ഒഴിവാക്കാമായിരുന്നു.

### ഉദാഹരണങ്ങൾ

a. കത്തോലിക്കർ പരിശുദ്ധ കന്യകാമറിയത്തെയും വിശുദ്ധരേയും ആരാധിക്കുന്നുവെന്നു് അവർ പറയുന്നു. എന്നാൽ കത്തോലിക്കർ പ. കന്യകാമറിയത്തെയും വിശുദ്ധരേയും ആരാധിക്കുന്നില്ല, വണങ്ങുന്നതേയുള്ള എന്നതു് ഓരോ കത്തോലിക്കനും അറിയാവുന്ന വസ്തുതയാണ്. ആരാധന ദൈവത്തിനുമാത്രം നല്കാവുന്ന ഒന്നാണെന്നാണ് കത്തോലിക്കാസഭ ഇന്നും എന്നും പഠിപ്പിക്കുന്നതും പഠിപ്പിച്ചിട്ടുള്ളതും.

DHARMARAM COLLEGE LIBRARY
BANGALORE - 29

b. മരണത്തിനുശേഷംമാത്രം കിട്ടുന്ന ഒരു രക്ഷയെ കുറിച്ചാണ് കത്തോലിക്കാസഭ പഠിപ്പിക്കുന്നത് എന്ന് ഇക്കൂട്ടർ വിചാരിക്കുന്നു. അതിൻെറ പേരിൽ സഭയെ കുററപ്പെടുത്തുന്നു. എന്നാൽ ക്രിസ്തു പ്രഘോഷിച്ച ദൈവ രാജ്യത്തിൻെറ അഥവാ രക്ഷയുടെ സുവിശേഷം നാം ഇന്നു ജീവിക്കുന്ന സമൂഹത്തിൽ രക്ഷാകരമായ മാററം വരുത്തുന്ന, സ്വന്തം ജീവിതത്തിൽ മാനസാന്തരത്തിലേയ്ക്ക് ക്ഷണിക്കുന്ന ഒന്നാണെന്നു തന്നെയാണ് സഭ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും. കത്തോലിക്കരിൽ പലരും ഈ വിധത്തിൽ ജീവിക്കുന്നില്ലായിരിക്കാം, അതുകൊണ്ട് അവർ ജീവിക്കുന്നതുപോലെയാണ് സഭ പഠിപ്പിക്കുന്നത് എന്നു പറയുന്നത് ശരിയല്ല.

# കത്തോലിക്കാ സഭാവിരുദ്ധ ഗ്രൂപ്പുകളുടെ തെററായ ചില ബൈബിൾ പഠനങ്ങൾ

## *ബൈബിളിൽ എത്ര പുസ്തകങ്ങൾ ഉണ്ട്?*

കത്തോലിക്കേതര സഭകളും ഗ്രൂപ്പുകളും പഠിപ്പിക്കുന്നതുപോലെ ബൈബിളിൽ 66 പുസ്തകങ്ങളേ ഉള്ളൂ എന്നു വിശ്വസിക്കുന്നത് ശരിയല്ല. അടിസ്ഥാനരഹിതമാണത്താനും. ബൈബിൾ 72 പുസ്തകങ്ങളുടെ ഒരു സമാഹാരമാണ്. ദൈവനിവേശിത ഗ്രന്ഥങ്ങളായി സഭയിൽ അംഗീകരിക്കപ്പെട്ട പുസ്തകങ്ങളാണല്ലോ ബൈബിൾ ഉൾക്കൊള്ളുന്നത്. അല്പം വൈകി സഭയിൽ സ്വീകരിക്കപ്പെട്ടു എന്ന കാരണത്താലാണ് പഴയനിയമത്തിലെ 6 പുസ്തകങ്ങൾ മററു ഗ്രൂപ്പുകൾ സ്വീകരിക്കാതെയിരിക്കു

ന്നതു്. നേരത്തെയാണെങ്കിലും, വൈകിയാണെങ്കിലും ബൈബിളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഗ്രന്ഥങ്ങൾ ദൈവനിവേശിതങ്ങളാണെന്നു് അംഗീകരിക്കുന്നതിനുള്ള ഏക മാനദണ്ഡം സഭയാൽ അംഗീകരിക്കപ്പെടുക എന്നതു മാത്രമാണ്. അതുകൊണ്ടു് 16 – ാം നൂററാണ്ടുവരെ കത്തോലിക്കാ സഭയിൽ പൊതുവെ സ്വീകരിക്കപ്പെട്ടിരുന്ന 72 പുസ്തകങ്ങളും ദൈവനിവേശിത ഗ്രന്ഥങ്ങൾതന്നെ.

## രക്ഷിക്കപ്പെട്ട വ്യക്തി "ജലത്തിൽ മുങ്ങി" സ്നാനപ്പെടണമോ?

രക്ഷിക്കപ്പെട്ട വ്യക്തി യേശുക്രിസ്തുവിനോടു ചേരുവാൻ പിതാവിൻെറയും, പുത്രൻെറയും, പരിശുദ്ധാത്മാവിൻെറയും നാമത്തിൽ "ജലത്തിൽ മുങ്ങി" സ്നാനപ്പെടണമെന്നു് ചില പെന്തക്കോസ്തു ഗ്രൂപ്പുകൾ ആവശ്യപ്പെടുന്നു. എന്നാൽ ജലത്തിൽ മുങ്ങി സ്നാനപ്പെടണമെന്നു് നിർബന്ധമില്ല. കാരണം ജലത്തിൽ മുങ്ങുന്നതു് പ്രതീകാത്മകം മാത്രമാണ്. ക്രിസ്തുവിനോടുകൂടി പാപത്തിനു മരിച്ചു്, സംസ്കരിക്കപ്പെട്ടു്, ദൈവത്തിനുവേണ്ടി ജീവിക്കുന്ന ഒരു വ്യക്തിയായി മാറുന്നതിനെയാണ് ഇതു് സൂചിപ്പിക്കുക (റോമ 6:3-4). എന്നാൽ ജലത്തിൽ മുങ്ങാതെ സ്നാനപ്പെട്ടാലും, ക്രിസ്തുവിനോടുകൂടിയുള്ള ഈ മരണവും ഉത്ഥാനവും സംഭവിക്കുന്ന പ്രക്രിയയാണ് മാമ്മോദീസാ. കാരണം മുങ്ങി സ്നാനപ്പെട്ടാലും, ജലം ശിരസ്സിലൊഴിച്ച് സ്നാനപ്പെട്ടാലും, പരിശുദ്ധാത്മാവാണ് അവിടെ പ്രവർത്തിക്കുന്നതും, സ്നാനപ്പെട്ട വ്യക്തിയെ വിശുദ്ധീകരിച്ചു് പുതുജീവനിലേയ്ക്കു് കൊണ്ടുവരുന്നതും. വി. യോഹന്നാൻെറ സുവിശേഷത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, 'ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല" (യോഹ 3:5). മുങ്ങിയോ അല്ലാതെയോ ഉള്ള ജലസ്നാനത്തിൻെറ അവസരത്തിൽത്തന്നെയാണ് പരിശുദ്ധാത്മാവു് നൽകപ്പെടുന്നതും വ്യക്തി രക്ഷിക്കപ്പെടുന്നതും.

## ശിശുസ്നാനം ബൈബിൾ അനുസൃതമോ?

അതെ. ശിശുസ്നാനം ബൈബിൾ പഠനത്തിന് തികച്ചും നിരക്കുന്നതാണ്. ചില പെന്തക്കുസ്താവിഭാഗങ്ങൾ പറയുന്നതുപോലെ ബോധപൂർവ്വം വിശ്വാസത്തിന്റേതായ മാനസാന്തരം സംഭവിച്ചതിനുശേഷം മാത്രമേ, ജ്ഞാനസ്നാനം നടത്താവൂ എന്നു പറയുന്നതിന് അടിസ്ഥാനമില്ല. ആദിമക്രൈസ്തവസഭയിൽ ശിശുക്കൾ ഉൾപ്പെടെ കുടുംബം മുഴുവൻ മാമ്മോദീസാ സ്വീകരിക്കുന്നതായി നമ്മൾ കാണുന്നുണ്ട്. നടപടിപ്പുസ്തകം 16-ാം അദ്ധ്യായത്തിൽ ലിഡിയ എന്ന സ്ത്രീയും (വാക്യം 15) കാരാഗൃഹപ്രമാണിയും (വാക്യം 33) കുടുംബസമേതം ജ്ഞാനസ്നാനം സ്വീകരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. 'കുടുംബസമേതം' എന്നു പറയുമ്പോൾ ശിശുക്കളെ ഒഴിവാക്കി പറയുന്നതു ശരിയല്ലല്ലോ. വി. മർക്കോസിന്റെ സുവിശേഷം 16-ാം അദ്ധ്യായം 15-ാം വാക്യമാണ് പ്രായപൂർത്തിയായിട്ടേ സ്നാനം സ്വീകരിക്കാവൂ എന്നതിന് ആധാരമായി അവർ സ്വീകരിച്ചിരിക്കുന്നതു്. ''വിശ്വസിച്ചു മാമ്മോദീസാ സ്വീകരിക്കുന്നവൻ രക്ഷപ്രാപിക്കും എന്നാൽ വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും'' എന്നവിടെ രേഖപ്പെടുത്തിയിരിക്കുന്നു. വിശ്വാസമെന്നു പറയുന്നതു് ഒരു വെറും മാനുഷിക പ്രവൃത്തിയല്ല, അതു് ദൈവത്തിന്റെ ദാനമാണ്. ആ ദാനത്തോട്ട് ഒരുവൻ സഹകരിക്കുക മാത്രമാണ് ചെയ്യേണ്ടതു്. മാമ്മോദീസായിൽ വിശ്വാസമെന്ന അമൂല്യമായ ദൈവദാനം മനുഷ്യനു നൽകപ്പെടുന്നു. ആ ദാനത്തോടു സഹകരിച്ചുകൊണ്ട് വിശ്വാസത്തിൽ വളരുന്നതിന് മനുഷ്യനു സാധിക്കണം. അതു് സാവകാശം നടക്കേണ്ട ഒരു പ്രക്രിയയാണ്. സഭാജീവിതത്തിലുള്ള പരിശീലനം വഴിയാണ് ഒരു വ്യക്തിയിൽ വിശ്വാസത്തിലുള്ള വളർച്ച സംഭവിക്കേണ്ടതു്. അപ്പോൾ മാമ്മോദീസാ സ്വീകരിക്കുന്നവർക്കു മാത്രമേ സഭാംഗത്വം ലഭിക്കുകയും സഭാജീവിതപരിശീലനത്തിലൂടെ വിശ്വാസവളർച്ച സാദ്ധ്യമായിത്തീരുകയും ചെയ്യുകയുള്ളു.

## മറുഭാഷ കൂടാതെ പരിശുദ്ധാത്മാവി ലുള്ള സ്നാനം സാദ്ധ്യമോ?

തീച്ചയായും സാദ്ധ്യമാണ്. മറുഭാഷ ഒരു വരമാണ്. വരം എല്ലാവക്കും ഉള്ളതല്ല. വൈവിദ്ധ്യമാന്നതും, വ്യത്യസ്തമായി നൽകപ്പെടുന്നതുമാണ് (1 കൊറി 12: 4 _ 11 കാണുക). 1 കൊറി. 12_ാം അദ്ധ്യായം 30_ാം വാക്യത്തിൽ വിശുദ്ധ പൗലോസ് ചോദിക്കുന്നു: ''എല്ലാവരും വിവിധ ഭാഷകൾ സംസാരിക്കുന്നുണ്ടോ'' എന്നു്. 13_ാം അദ്ധ്യായം 8_ാം വാക്യത്തിൽ ഭാഷാവരം ഇല്ലാതാകുന്ന എന്നു പറയുന്നു. അതുകൊണ്ടു് ഭാഷാവരം ഉണ്ടെങ്കിലേ സ്വർഗ്ഗത്തിനു് അവകാശിയാകു എന്നു പറയുന്നതു് മൗഢ്യമാണ്. മറുഭാഷയിൽ സംസാരിക്കുന്നതു് വിശ്വാസികൾക്കുവേണ്ടിയുള്ള അടയാളമല്ല, പ്രത്യുത അവിശ്വാസികൾക്കുവേണ്ടിയുള്ള അടയാളമാണ് (1 കൊറി 14: 21). ഭാഷാവരത്തേക്കാളും എല്ലാ വരങ്ങളേക്കാളും ശ്രേഷ്ഠമായ സ്നേഹമാണ് സർവ്വപ്രധാനമായ ക്രൈസ്തവത്വം.

## യേശുക്രിസ്തുവിനെ രക്ഷകനായി അംഗീകരിച്ചു രക്ഷിക്കപ്പെടുന്നതും ജലത്തിൽ മുങ്ങി സ്നാനപ്പെടുന്നതും പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതും 3 ഘട്ടങ്ങളിലായിട്ടാണോ?

അല്ല, പെന്തക്കോസ്ത ഗ്രൂപ്പുകൾ 3 ഘട്ടങ്ങളിലായി തിരിക്കുന്നുണ്ടെങ്കിലും, യേശുക്രിസ്തുവിനെ രക്ഷകനായി അംഗീകരിക്കുന്നതും, ജലത്താലും പരിശുദ്ധാത്മാവിനാലും സ്നാനപ്പെടുന്നതും ഒരേയൊരു സംഭവത്തിൻെറ വിവിധ വശങ്ങൾ മാത്രമാണ്. ജലത്താൽ മാമ്മോദീസാ സ്വീകരിച്ച് സഭയുടെ അംഗമായിത്തീരുന്ന വ്യക്തി, സഭയിൽ ജീവിക്കുന്ന യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുകയും, പരിശുദ്ധാത്മാവിൽ പുതിയ ജീവൻ ഉൾക്കൊള്ളുകയുമത്രെ ചെയ്യുക. യേശുക്രിസ്തുവിനെ അറിയുന്നു എന്നു് അവകാശപ്പെട്ടുവന്ന നിക്കൊദേമൂസിനോടു് അവിടുന്നു പറയുന്നു: ''സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു

ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരു വനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല'' എന്ന് (യോഹ 3:5). യേശുക്രിസ്തുവിൽ യാഥാർത്ഥ്യമായ ദൈവരാജ്യമാണ് നമ്മൾ ഇവിടെ ഉദ്ദേശിക്കുന്നത്. അതു കൊണ്ട് മാമ്മോദീസായിൽ ജലത്താലും പരിശുദ്ധാത്മാ വിനാലും വീണ്ടും ജനിച്ച് യേശുക്രിസ്തുവിനെ രക്ഷക നായി ഒരു വ്യക്തി സ്വീകരിക്കുന്നു. അതോടൊപ്പം യേശുക്രിസ്തു പ്രഘോഷിച്ച ദൈവരാജ്യത്തിൻെറ അംഗമാ യിത്തീരുകയും ചെയ്യുന്നു. അവിടുന്ന് നടപ്പിലാക്കുവാൻ വന്ന ദൈവരാജ്യത്തിൻെറ സുവിശേഷം സ്വീകരിക്കുകയും ചെയ്യുന്നു.

## ഞായറാഴ്ച ആചരണം തെററാണോ?

അല്ലെന്നു മാത്രമല്ല, തികച്ചും പുതിയനിയമപഠന ത്തിന് അനുസൃതമാണുതാനും. പുറപ്പാട് പുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''സാബത്ത് വിശുദ്ധ ദിന മായി ആചരിക്കണമെന്ന് ഓർമ്മിക്കുക'' (പുറ 20: 8). ഇതിൻെറ വെളിച്ചത്തിലാണ് സാബത്താണ് (ശനി യാഴ്ച) വിശുദ്ധമായി ആചരിക്കേണ്ടതെന്ന് ചില ഗ്രൂപ്പു കൾ അവകാശപ്പെടുന്നത്. എന്നാൽ പഴയനിയമത്തിലെ നിയമത്തേയും പ്രവാചകന്മാരേയും പൂർത്തിയാക്കിയ ക്രിസ്തു മഹത്വത്തോടെ ഉത്ഥാനം ചെയ്തത് ആഴ്ചയുടെ ഒന്നാം ദിവസമായ ഞായറാഴ്ചയാണ് (ലൂക്കാ 24:1). ഉത്ഥാനം ചെയ്ത ക്രിസ്തു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നതും ഞായറാഴ്ചതന്നെ (യോഹ 20: 19). അതുകൊണ്ട് ഞായ റാഴ്ചയെ കർത്താവിൻെറ ദിവസമെന്ന് ആദിമക്രൈസ്തവർ വിളിച്ചു (വെളി 1: 10). ആദിമക്രൈസ്തവർ വി. കുർ ബാന അർപ്പിക്കുന്നതിന് ഒരുമിച്ചുകൂടിയതും ഞായറാഴ്ച ആയിരുന്നു (നട 20: 1; 1 കൊറി 16: 2). യഹൂദക്രൈസ്ത വർ ആരംഭകാലത്ത് സാബത്താചരണം തുടർന്നെങ്കിലും യഹൂദരും ക്രൈസ്തവരും തമ്മിൽ നിർണ്ണായകമായി വേർ പെട്ടു കഴിഞ്ഞപ്പോൾ അവരും ആ പതിവ് നിർത്തി. അതുകൊണ്ട് ഞായറാഴ്ച ആചരണമാണ് ക്രൈസ്തവരെ സംബന്ധിച്ച് ഏററവും അനുയോജ്യമായിട്ടുള്ളത്.

### രക്ഷ ഭാവിയിൽ അർമാഗെദ്ദോനിൽ വരാനിരിക്കുന്നതേയുള്ളോ?

ഒരിക്കലുമല്ല. 2000 വർഷങ്ങൾക്കുമുമ്പ് യേശുക്രിസ്തു രക്ഷകനായി മനുഷ്യാവതാരം ചെയ്യുകയും, തന്റെ മരണ ഉത്ഥാനങ്ങളിലൂടെ മനുഷ്യരക്ഷ സാധിക്കുകയും ചെയ്തു.

യഹോവാസാക്ഷികൾ ഭാവിയിൽ ഈ ഭൂമിയിൽ തന്നെ യാഥാർത്ഥ്യമാകുവാനിരിക്കുന്ന ഒരു നല്ല ഭൗമിക വ്യവസ്ഥിതിയായി രക്ഷയെ അഥവാ ദൈവരാജ്യത്തെ പരിഗണിക്കുന്നു. ദാനിയേലിന്റെ പുസ്തകത്തിലും, വെളിപാടു പുസ്തകത്തിലുമൊക്കെ രേഖപ്പെടുത്തിയിരിക്കുന്ന ചില സംഭവങ്ങളെ കൃത്രിമമായി പരസ്പരം ബന്ധപ്പെടുത്തിയും ചില സംഖ്യകൾ അവരുടേതായ രീതിയിൽ വ്യാഖ്യാനിച്ചും, ക്രിസ്തുവർഷം 1914-ൽ ക്രിസ്തുവിന്റെ സ്വർഗ്ഗീയ ഭരണം തുടങ്ങിയതായും, അന്നുമുതൽ ഭൂമിയിലെ പറുദീസാ (രക്ഷ) യിലേയ്ക്കുള്ള നിർണ്ണായകമായ നീക്കം ആരംഭിച്ചതായും അവർ അവകാശപ്പെടുന്നു. ഈ രക്ഷയിൽ എല്ലാ മനുഷ്യർക്കും പങ്കുചേരാൻ സാദ്ധ്യമല്ലായെന്നും യഹോവാസാക്ഷികളുടെ പഠനമനുസരിച്ച് ജീവിക്കുന്നവർക്കു മാത്രമെ സാധിക്കുകയുള്ളു എന്നും അവർ അവകാശപ്പെടുന്നു.

എന്നാൽ യേശുക്രിസ്തുവിന്റെ ജനനാവസരത്തിൽ, ദൈവദൂതൻ ആട്ടിടയന്മാരെ അറിയിച്ച സന്തോഷവാർത്ത ഇതായിരുന്നു. "നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു (ലൂക്കാ 2:10). ക്രിസ്തുവിന്റെ ജനനമരണ ഉത്ഥാനങ്ങളിലൂടെ രക്ഷ മനുഷ്യക്ക് കരഗതമായി എന്നു വേണം ഇതിൽനിന്നു മനസ്സിലാക്കുവാൻ. ഈ രക്ഷ എല്ലാവർക്കും വേണ്ടിയുള്ളതാണെന്ന് പിന്നീട് ശെമയോന്റെ വാക്കുകളിലൂടെ വ്യക്തമാകുന്നു. "എന്തെന്നാൽ, സകല ജനതകൾക്കുംവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടു കഴിഞ്ഞു." (ലൂക്കാ 2:30-31). യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയാണ് രക്ഷ ലഭ്യമാകുന്നതെന്ന് യോഹന്നാൻ

അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നുണ്ട്. ക്രിസ്തുവിൽ വിശ്വസിക്കുന്നതാണ് രക്ഷയ്ക്കുള്ള നിർണ്ണായകമായ നിദാനം. ''ദൈവം തൻെറ പുത്രനെ ലോകത്തിലേക്ക് അയച്ചതു് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല പ്രത്യുത, അവൻ വഴി ലോകം രക്ഷ പ്രാപിക്കാനാണ്. അവനിൽ വിശ്വസിക്കുന്ന ഒരുവനും ശിക്ഷയ്ക്കു വിധിക്കപ്പെടുന്നില്ല. വിശ്വസിക്കാത്തവനോ, ദൈവത്തിൻെറ ഏകജാതൻെറ നാമത്തിൽ വിശ്വസിയ്ക്കായ്കമൂലം ശിക്ഷയ്ക്കു വിധിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു (യോഹ 3:17-18). നീതീകരണം വിശ്വസിക്കുന്ന എല്ലാവക്കും ആരെന്ന വ്യത്യാസം കൂടാതെ ലഭിക്കുമെന്ന് വി. പൗലോസും പറയുന്നു. ''ഈ ദൈവനീതി, വിശ്വസിക്കുന്ന എല്ലാവക്കും ആരെന്നുള്ള വ്യത്യാസം കൂടാതെ യേശുക്രിസ്തുവിലുള്ള വിശ്വാസം വഴി ലഭിക്കുന്നതാണ്'' (റോമ 3:22). അപ്പോഠം 2000 വർഷങ്ങഠംക്കുമുമ്പ് യേശുക്രിസ്തുവഴി രക്ഷയുടെ കവാടം, എല്ലാ മനുഷ്യക്കുമായി എന്നന്നേയ്ക്കുമായി തുറക്കപ്പെട്ടു.

## *ക്രിസ്തുവിൻെറ ശരീരത്തോടുകൂടിയ ഉത്ഥാനം നടന്നിട്ടുണ്ടോ?*

ഉത്ഥാനത്തിൻെറ വിവരണങ്ങളിൽ 4 സുവിശേഷകന്മാരും ഉത്ഥാനത്തിൻെറശേഷം ഒഴിഞ്ഞ കല്ലറയേപ്പററിയും, ഉത്ഥാനശേഷമുള്ള പ്രതികരണങ്ങളെപ്പററിയും പറഞ്ഞിട്ടുണ്ട് (മത്താ 28; മർക്കോ 16; ലൂക്കാ 24; യോഹ 20). പത്രോസിൻെറ പ്രസംഗത്തിൽ ക്രിസ്തുവിൻെറ ശരീരത്തോടുകൂടിയ ഉത്ഥാനത്തെപ്പററി വളരെ വ്യക്തമായി പരാമർശിക്കുന്നുണ്ട്. ''അതുകൊണ്ടാണ്, അവൻ പാതാളത്തിൽ ഉപേക്ഷിക്കപ്പെട്ടില്ല; അവൻെറ ശരീരം ജീർണ്ണിക്കാൻ ഇടയായതുമില്ല എന്നു് ക്രിസ്തുവിൻെറ പുനരുത്ഥാനത്തെ മുൻകൂട്ടി ദശിച്ചുകൊണ്ട് അവൻ പറഞ്ഞതു് ആ യേശുവിനെ ദൈവം ഉയിർപ്പിച്ചു. ഞങ്ങളെല്ലാവരും അതിനു സാക്ഷികളാണ്'' (നടപടി 2:31-32). വി. പൗലോസും ക്രിസ്തുവിൻെറ ഉത്ഥാനത്തെപ്പററി പരാമശിക്കുന്നുണ്ട്. വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, ക്രിസ്തു നമ്മുടെ പാപങ്ങഠംക്കുവേണ്ടി മരിക്കു

കയും, സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാംനാൾ ഉയിപ്പിക്കപ്പെടുകയും ചെയ്തു'' (1കൊറി 15:4).

## *മരിച്ചവർ ഉത്ഥാനം ചെയ്യുമോ?*

മരിച്ചവർ എല്ലാവരും ഉത്ഥാനം ചെയ്യുകയില്ലെന്ന് യഹോവാസാക്ഷികൾ പഠിപ്പിക്കുന്നു. എന്നാൽ മരിച്ചവരുടെ ഉത്ഥാനത്തെപ്പററി ക്രിസ്തുതന്നെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. ''എന്തെന്നാൽ കല്ലറകളിലുള്ളവരെല്ലാം അവൻെറ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അപ്പോൾ നന്മചെയ്തവർ ജീവൻെറ ഉയിർപ്പിനായും, തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരുന്നു'' (യോഹ 5:28-29). ലേഖനങ്ങളിലും മരിച്ചവരുടെ ഉത്ഥാനത്തെപ്പററി പറയുന്നുണ്ട്. ''നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടുന്ന് തൻെറ കാരുണ്യാതിരേകത്താൽ യേശുക്രിസ്തുവിൻെറ മരിച്ചവരിൽനിന്നുള്ള ഉത്ഥാനം വഴി സജീവമായ പ്രത്യാശയിലേയ്ക്കും നിങ്ങൾക്കായി സ്വർഗ്ഗത്തിൽ കാത്തുസൂക്ഷിക്കപ്പെടുന്ന അക്ഷയവും, കളങ്കരഹിതവും, ഒളിമങ്ങാത്തതുമായ അവകാശത്തിലേയ്ക്കും നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു'' (1 പത്രോ 1:3-4). ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും എന്ന് വി. പൗലോസും പറയുന്നുണ്ട്. ''ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതായി പ്രഘോഷിക്കപ്പെടുന്നെങ്കിൽ മരിച്ചവർക്ക് പുനരുത്ഥാനം ഇല്ല എന്ന് നിങ്ങളിൽ ചിലർ പറയുന്നതെങ്ങനെ? മരിച്ചവർക്കു പുനരുത്ഥാനം ഇല്ലെങ്കിൽ ക്രിസ്തുവും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. ക്രിസ്തു ഉയിപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. മാത്രമല്ല ഞങ്ങൾ ദൈവത്തിനുവേണ്ടി കപടസാക്ഷ്യം വഹിക്കുന്നവരായിത്തീരുന്നു'' (1 കൊറി 15:12-15). ശരീരത്തോടു കൂടിയ ഉത്ഥാനത്തെപ്പററി വി. പൗലോസ് അസന്നിഗ്ദ്ധമായും വിശദമായും കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം 15-ാം അദ്ധ്യായത്തിൽ പറയുന്നുണ്ട്.

പുനരുത്ഥാനം നിഷേധിച്ചിരുന്ന സദ്ദുക്കായരിൽ ചിലർ ക്രിസ്തുവിനെ സമീപിച്ച് പുനരുത്ഥാനം യുക്തിക്ക് യോജിച്ചതല്ല എന്ന് തെളിയിക്കുവാൻ ശ്രമിച്ചപ്പോഴ് ക്രിസ്തു അവരോടു പറയുന്ന വാക്കുകൾ പുനരുത്ഥാനത്തെപ്പററി ക്രിസ്തുവിനുണ്ടായിരുന്ന ബോധ്യം വ്യക്തമാക്കുന്നവയാണ്. മോശപോലും മുൾപ്പടർപ്പിങ്കൽ വച്ച കർത്താവിനെ അബ്രാഹത്തിൻെറ ദൈവമെന്നും ഇസഹാക്കിൻെറ ദൈവമെന്നും യാക്കോബിൻെറ ദൈവമെന്നും വിളിച്ചുകൊണ്ട് മരിച്ചവർ ഉയിക്കുമെന്നു കാണിച്ചുതന്നിട്ടുണ്ട്. അവിടുന്ന് മരിച്ചവരുടെയല്ല ജീവിക്കുന്നവരുടെ ദൈവമാണ്. അവിടുത്തേയ്ക്കു എല്ലാവരും ജീവിക്കുന്നവർതന്നെ'' (ലൂക്ക 20:37-38).

### *സ്വർഗ്ഗവും നരകവും ഉണ്ടോ?*

തീർച്ചയായും ഉണ്ട്. യഹോവാസാക്ഷികൾ മരിച്ചവരുടെ പുനരുത്ഥാനവും, സ്വർഗ്ഗം, നരകം എന്നീ യാഥാർത്ഥ്യങ്ങളും നിഷേധിക്കുന്നു. അവരുടെ പഠനമനുസരിച്ച് മരിക്കുന്നവരെല്ലാം ഒരു ഗാഢനിദ്രയിലേയ്ക്കു വഴുതി വീഴുന്നു. അതിൽ കുറച്ചുപേരെ വീണ്ടും ഉയിർപ്പിക്കപ്പെടുകയുള്ളു. അതു് ആത്മീയമായ ഒരുതരം പുനർജ്ജീവിക്കൽ ആണ്. ഇവരുടെ എണ്ണം 144000 മാത്രം. ഇവർ ക്രിസ്തുവിനോടുകൂടി ഈ ലോകത്തിൽ യാഥാർത്ഥ്യമാകാനിരിക്കുന്ന ഭൗമികപറുദീസായിൽ ഭരിക്കാനുള്ളവരാണ്. ബാക്കി നീതിമാന്മാരായിട്ടുള്ളവർ ഈ ഭൗമികപറുദീസായിൽ ഭരിക്കപ്പെടാനുള്ളവരും. ഈ ഭൗമികപറുദീസാ അധികം താമസിയാതെ വരികയും ചെയ്യും. ക്രിസ്തുവർഷം 1914-ൽ ഉണ്ടായിരുന്ന ചിലരൊക്കെ മരിക്കുന്നതിനു മുമ്പുതന്നെ ഈ പറുദീസാ വരും, അതുകൊണ്ട് കത്തോലിക്കാസഭ പഠിപ്പിക്കുന്നതുപോലെ സ്വർഗ്ഗവും നരകവും ഇല്ലെന്നു് അവർ പഠിപ്പിക്കുന്നു.

എന്നാൽ ബൈബിൾ എന്തുപറയുന്നു? നിത്യമായ രക്ഷയും നിത്യമായ ശിക്ഷയും ഉണ്ടെന്നുള്ളതാണ് ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നത്. ക്രിസ്തു

വിൻെറ വാക്കുകൾ കേൾക്കുക: ''സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എൻെറ വചനം കേൾക്കുകയും, എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവന് ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽനിന്നു ജീവനിലേയ്ക്കു കടന്നിരിക്കുന്നു.'' (യോഹ 5:24). ''ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല'' (യോഹ 11: 25_27). ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ശാരീരിക മരണത്തിനപ്പുറത്ത് എന്നേയ്ക്കും നിലനില്ക്കുന്ന ഒരു ജീവനുണ്ടെന്ന് ഈ വാക്കുകൾ വ്യക്തമാക്കുന്നു.

ഉത്ഥാനത്തെക്കുറിച്ച് പറയുമ്പോൾ ക്രിസ്തു പറയുന്നു: ''അപ്പോൾ നന്മ ചെയ്തവർ ജീവൻെറ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും.'' (യോഹ 5:29). 'ജീവൻ'_'നിത്യജീവൻ' (സ്വർഗ്ഗം) ആണെന്ന് നേരത്തെ ഉദ്ധരിച്ച വാക്യങ്ങളിൽ കാണുന്നുണ്ടെങ്കിൽ ശിക്ഷാവിധി നിത്യമായ ഒരവസ്ഥ (നരകം) ആയിരിക്കണം. കളകളുടെ ഉപമ വിശദീകരിച്ചുകൊണ്ട് ക്രിസ്തു ഇപ്രകാരം പറയുന്നു. ''കളകൾ ശേഖരിച്ച് അഗ്നിക്കിരയാക്കുന്നത് എങ്ങനെയോ, അങ്ങനെതന്നെ യുഗാന്ത്യത്തിലും സംഭവിക്കും. മനുഷ്യപുത്രൻ തൻെറ ദൂതന്മാരെ അയയ്ക്കുകയും, അവർ അവൻെറ രാജ്യത്തിന് എല്ലാ പാപഹേതുക്കളെയും തിന്മ പ്രവർത്തിക്കുന്നവരേയും ഒരുമിച്ചുകൂട്ടി, അഗ്നികുണ്ഡത്തിലേയ്ക്കെറിയുകയും ചെയ്യും. അവിടെ വിലാപവും പല്ലുകടിയുമായിരിക്കും. അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിൻെറ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും (മത്താ 13:40-43). നിത്യനരകത്തെപ്പററി ഈശോ പറയുന്ന സുവിശേഷഭാഗങ്ങൾ വളരെയുണ്ട്: ''സഹോദരനെ വിഡ്ഢി എന്നു വിളിക്കുന്നവനാകട്ടെ നരകാഗ്നിക്ക് ഇരയായിത്തീരും'' (മത്താ 5:22; മത്താ 5:29_30 കാണുക)

ശതാധിപൻെറ വിശ്വാസം കണ്ടു് ക്രിസ്തു പറയുന്നു: ''കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിരവധിയാളുകൾ വന്നു് സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനിരിക്കും. രാജ്യത്തിൻെറ മക്കളാകട്ടെ പുറത്തുള്ള അന്ധകാരത്തിലേയ്ക്കു് എറിയപ്പെടും'' (മത്താ 8: 11-12).

വരാനിരിക്കുന്ന യുഗത്തിൽ ക്ഷമിക്കപ്പെടാത്ത പാപത്തെക്കുറിച്ചും അവിടുന്നു് പറയുന്നുണ്ടു് (മത്താ 12:32). വരാനിരിക്കുന്ന ഒരു യുഗം ഉണ്ടെന്നും അവിടെ പാപം ക്ഷമിക്കപ്പെടാത്ത അവസ്ഥയിൽ കഴിയുന്നവരുണ്ടെന്നും ഇതു് സൂചിപ്പിക്കുന്നു. ''ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്നവരെ ഭയപ്പെടേണ്ട. മറിച്ചു്, ആത്മാവിനേയും, ശരീരത്തേയും നരകത്തിനിരയാക്കുവാൻ കഴിയുന്നവനെ ഭയപ്പെടുവിൻ'' എന്നു് സുവിശേഷങ്ങളിൽ ക്രിസ്തു അരുളിച്ചെയ്യുന്നു (മത്താ 10:28; ലൂക്കാ 12:5). അതുകൊണ്ടു് സ്വർഗ്ഗവും, നരകവും നിത്യമായ യാഥാർത്ഥ്യങ്ങളാണെന്നു് ബൈബിൾ അസന്നിഗ്ദ്ധമായി പഠിപ്പിക്കുന്നു.

## *ദൈവികരാജ്യം ഭൗതികമോ ആദ്ധ്യാത്മികമോ?*

ദൈവികരാജ്യത്തിൻെറ സുവിശേഷത്തെ കേന്ദ്രീകരിച്ചുള്ള ജീവിതവും പ്രസംഗവും പ്രവർത്തനങ്ങളും ആയിരുന്നു ക്രിസ്തുവിൻേറതു്. ഈ ദൈവരാജ്യം 1914-നു ശേഷം അനതിവിദൂര ഭാവിയിൽ ഈ ഭൂമിയിൽതന്നെ നടപ്പിൽ വരാനിരിക്കുന്ന, ജനതകൾക്കെല്ലാം തികഞ്ഞ സന്തുഷ്ടജീവിതം ആസ്വദിക്കുവാൻ സാധിക്കുന്ന, ദൈവത്തിൻെറ നിയന്ത്രണത്തിലുള്ള ഒരു സമാധാന ഗവൺമെൻറ് ആണെന്നാണ് യഹോവാസാക്ഷികൾ പറയുന്നതു്.

ബൈബിൾ പഠിപ്പിക്കുന്നതു് അങ്ങനെയല്ല. ക്രിസ്തുവിൻെറ സുവിശേഷ പ്രഘോഷണത്തോടുകൂടി ഉദ്ഘാടനം ചെയ്യപ്പെട്ടതും, ക്രിസ്തുവിൻെറ ജീവിതത്തിലും വാക്കുകളിലും പ്രവർത്തനങ്ങളിലും മരണത്തിലും ഉത്ഥാനത്തിലും

വെളിപ്പെടുത്തപ്പെട്ടതും ക്രിസ്തുവിൽ വിശ്വസിക്കുന്നവരിലൂടെ മനുഷ്യരുടെയിടയിൽ യാഥാർത്ഥ്യമാകുന്നതും അവിടുത്തെ രണ്ടാമത്തെ വരവിൽ പൂർത്തിയാകുന്നതുമായ ഒരു സ്ഥിതിവിശേഷമാണ്, ഒരു വ്യവസ്ഥിതിയാണ് ദൈവരാജ്യം എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്.

''യോഹന്നാൻ ബന്ധനസ്ഥനായപ്പോൾ ഈശോ ദൈവത്തിൻെറ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഗലീലിയിലേക്കു വന്നു. അവൻ പറഞ്ഞു: സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു.'' അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ'' (മർക്കോ 1:14-15). 1914–നു ശേഷമല്ല രണ്ടായിരം വർഷങ്ങൾക്കു മുമ്പാണ് ''ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന് ക്രിസ്തു പറഞ്ഞത്. ക്രിസ്തുവിൻെറ അത്ഭുതങ്ങൾ ദൈവരാജ്യം ഭൂമിയിൽ ആരംഭിച്ചു എന്നതിനു് തെളിവുകളാണ്. ക്രിസ്തു പറയുന്നു: ''ദൈവാത്മാവിനെക്കൊണ്ടാണ് ഞാൻ പിശാചുക്കളെ ബഹിഷ്കരിക്കുന്നതെങ്കിൽ ദൈവരാജ്യം നിങ്ങളുടെയിടയിൽ വന്നുകഴിഞ്ഞിരിക്കുന്നു'' (മത്താ 12:28; ലൂക്കാ 11:20). ഇവിടെ ആരംഭിച്ച ഈ ദൈവരാജ്യമെന്ന ദൈവത്തിൻെറ രക്ഷാകരപദ്ധതിയും വ്യവസ്ഥിതിയും ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിൽ പൂർണ്ണതയിലെത്തും.

യഹോവാസാക്ഷികൾ പറയുന്നതുപോലെ 'പ്രത്യക്ഷമായ അടയാളങ്ങളോടുകൂടെയല്ല ദൈവരാജ്യം വരുന്നത്''. ദൈവരാജ്യം എപ്പോഴാണു വരുന്നതെന്ന് ഫരിസേയർ ചോദിച്ചതിനു് ക്രിസ്തു മറുപടി പറഞ്ഞത് അങ്ങനെയാണ് (ലൂക്കാ 17:20) പീലാത്തോസ് ''താങ്കൾ രാജാവാണോ''? എന്നു ചോദിച്ചപ്പോൾ ക്രിസ്തു പറയുന്നു: ''എൻെറ രാജ്യം ഐഹികമല്ല'' (യോഹ 18:36). ഈ ലോകത്തിലെ സുഖസമൃദ്ധമായ ജീവിതത്തിലല്ല പ്രത്യുത ആദ്ധ്യാത്മിക മൂല്യങ്ങൾ മനുഷ്യരുടെയിടയിൽ യാഥാർത്ഥ്യമാകുന്നതിലാണ് ദൈവരാജ്യം സ്ഥിതിചെയ്യുന്നതെന്ന് വി. പൌലോസ് പറയുന്നു: ''ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല; പ്രത്യുത, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്''

(റോമാ 14 : 17). ഈ ലോകത്തിലെ ദരിദ്രരെയാണ് ദൈവം ദൈവരാജ്യത്തിനു് അവകാശികളാക്കുന്നതു്. ''തന്നെ സ്നേഹിക്കുന്നവർക്കു് വാഗ്ദാനം ചെയ്ത രാജ്യത്തിലെ അവകാശികളും വിശ്വാസത്തിൽ സമ്പന്നരുമായി ദൈവം തിരഞ്ഞെടുത്തതു് ലോകത്തിലെ പാവപ്പെട്ടവരെയല്ലേ''? (യാക്കോ 2:5). പരിശുദ്ധാത്മാവിൽ ജനിച്ചവരും അരൂപിയിൽ ജീവിക്കുന്നവരുമാണ് ദൈവരാജ്യത്തിലെ അംഗങ്ങൾ (യോഹ 3:5; ഗലാ 5:16_26).

## *ദൈവരാജ്യം ദൃശ്യമാണോ?*

അതേ. ദൈവരാജ്യം ആദ്ധ്യാത്മികമാണെങ്കിലും അതു് യാഥാർത്ഥ്യമാകുന്നതു് ശരീരമുള്ള മനുഷ്യനിലും മനുഷ്യരുടെയിടയിലും ആകുന്നതുകൊണ്ടു് അതു് ദൃശ്യമാണ്. മാമ്മോദീസാ സ്വീകരിച്ച് പരിശുദ്ധാരൂപിയിൽ ജനിച്ച് ക്രിസ്തുവിൽ വിശ്വസിച്ചു ജീവിക്കുന്നവരുടെ ദൃശ്യസമൂഹമാകുന്ന സഭയിൽ ദൈവരാജ്യം ദൃശ്യമാകുന്നു. ക്രിസ്തു നിക്കോദേമൂസിനോടു് പറഞ്ഞു: ''സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു; ജലത്താലും അരൂപിയാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല''(യോഹ 3:5). ഇവിടെ ജലം മാമ്മോദീസായെ സൂചിപ്പിക്കുന്നു. മാമ്മോദീസായിൽ പരിശുദ്ധാത്മാവു് നല്കപ്പെടുന്നു. അങ്ങനെ ഒരു വ്യക്തി ക്രിസ്തുവിലുള്ള വിശ്വാസജീവിതത്തിലേയ്ക്കു്, സഭാംഗത്വത്തിലേക്കു് പ്രവേശിക്കുന്നു. അതുവഴി ദൈവരാജ്യത്തിലേക്കും പ്രവേശിക്കുന്നു. അതുകൊണ്ടു് സഭ ഈ ലോകത്തിൽ ദൈവരാജ്യത്തിൻെറ അടയാളവും കൂദാശയുമായിത്തീരുന്നു. പത്രോസ് തലവനായിട്ടുള്ള പന്ത്രണ്ടു് അപ്പസ്തോലന്മാരുടെ വിശ്വാസത്തിൽ അടിസ്ഥാനമിട്ട സഭയിലൂടെ ദൈവരാജ്യം യാഥാർത്ഥ്യമാകണമെന്നും ആ സഭ ലോകാവസാനംവരെ ദൈവരാജ്യത്തിൻെറ അടയാളവും കൂദാശയുമായി ഈ ലോകത്തിൽ വർത്തിക്കണമെന്നും ക്രിസ്തു തന്നെ നിശ്ചയിച്ചു. ക്രിസ്തുവിൻെറ വാക്കുകൾ കേൾക്കുക: ''യോനായുടെ പുത്രനായ ശിമയോനേ... .... ... ഞാൻ നിന്നോടു പറയുന്നു: നീ പത്രോസാണ്. ഈ പാറമേൽ എൻെറ

സഭ ഞാൻ പണിയും. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗ്ഗ (ദൈവ) രാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും'' (മത്താ 16: 17 - 19). മററു സുവിശേഷങ്ങളിൽ 'ദൈവരാജ്യ'മെന്നു പറയുന്നതു് മത്തായിയുടെ സുവിശേഷത്തിൽ 'സ്വർഗ്ഗരാജ്യ'മെന്നാക്കിയിട്ടുണ്ടെന്നു മാത്രം.

മാമ്മോദീസായിൽ ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ മനുഷ്യർ ദൈവമക്കളായിത്തീരുന്നു: ''തന്നെ സ്വീകരിച്ചവർക്കെല്ലാം, തൻെറ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി'' (യോഹ 1:12). ദൈവമക്കളെന്ന നിലയിൽ ദൈവവുമായി പിതൃപുത്രബന്ധവും മററുള്ളവരുമായി സാഹോദര്യബന്ധവും പുലർത്തി ദൈവസ്നേഹത്തിൻെറയും പരസ്നേഹത്തിൻെറയും ജീവിതം നയിക്കുകയാണു് ദൈവരാജ്യത്തിൻെറ അന്ത:സത്ത. അങ്ങനെ ജീവിക്കുവാൻ വിളിക്കപ്പെട്ടവരുടെ സമൂഹമാണു് സഭ. സഭ എന്ന വാക്കിനു് ഗ്രീക്കിൽ 'എക്ലേസിയാ' എന്ന പദമാണു് ഉപയോഗിച്ചിരിക്കുന്നതു്. 'എക്ലേസിയാ' എന്ന പദത്തിനു് 'വിളിക്കപ്പെട്ടവരുടെ സമൂഹം' എന്നാണർത്ഥം. ദൈവരാജ്യത്തിൻെറ ചൈതന്യം പുലർത്തി ജീവിക്കുവാൻ വിളിക്കപ്പെട്ടവരുടെ സമൂഹമാണു് സഭ. ആ ചൈതന്യം പൂർണ്ണതയിൽ ഈ ലോകത്തിൽ ജീവിക്കാൻ സാധിക്കുന്നവരും അല്ലാത്തവരും സഭയിൽ ഉണ്ടാകാം. ആ ചൈതന്യം ഒട്ടും ജീവിക്കാത്തവരും ഉണ്ടാകാം. ക്രിസ്തു കളകളുടെ ഉപമ പറഞ്ഞതു് ഈ സ്ഥിതിവിശേഷത്തെ സൂചിപ്പിക്കാനാണു് (മത്താ 13:24-30; 36-43). ''ഞങ്ങൾ പോയി കളകൾ പറിച്ചുകൂട്ടട്ടേ?'' എന്നു വേലക്കാർ ചോദിച്ചപ്പോൾ അവൻ പറഞ്ഞു: ''വേണ്ട, കളകൾ പറിച്ചെടുക്കുമ്പോൾ അവയോടൊപ്പം ഗോതമ്പുചെടികളും നിങ്ങൾ പിഴുതുകളഞ്ഞെന്നുവരും. കൊയ്ത്തുവരെ അവ രണ്ടും ഒരുമിച്ചു വളരട്ടെ'' (മത്താ 13:28-30). ഇതാണു് ഇപ്പോൾ സഭയിൽ

ദൃശ്യമാകുന്ന ദൈവരാജ്യത്തിൻെറ സ്ഥിതി. അതുകൊണ്ട് സഭയിൽ എല്ലാവരും ദൈവരാജ്യചൈതന്യമനുസരിച്ച് ജീവിച്ചാലും ഇല്ലെങ്കിലും, ദൈവരാജ്യത്തിൻെറ ചൈതന്യവും ദൈവത്തിൻെറ അരൂപിയും പ്രവർത്തനനിരതമായിരിക്കുന്ന സമൂഹമെന്നനിലയിലും, ദൈവരാജ്യത്തിൻെറ മക്കളായി (നല്ലവിത്ത്) (മത്താ 13:38) ജീവിക്കുവാൻ വിളിക്കപ്പെട്ടവരുടെ, പരിശ്രമിക്കുന്നവരുടെ, സമൂഹമെന്ന നിലയിലും സഭയിൽ ദൈവരാജ്യം ദൃശ്യമാണ്.

### വെളിപാടുപുസ്തകം എങ്ങനെ വ്യാഖ്യാനിക്കണം?

ബൈബിൾ വ്യാഖ്യാനത്തിൻെറ പൊതുവായ തത്വങ്ങൾ അനുസരിച്ചുതന്നെ വേണം വെളിപാടുപുസ്തകവും വ്യാഖ്യാനിക്കുവാൻ. അതായത് വെളിപാടുപുസ്തകം എഴുതപ്പെട്ട കാലം, സാഹചര്യം, സാഹിത്യരൂപം, ഭാഷാശൈലി തുടങ്ങിയവയെല്ലാം കണക്കിലെടുക്കണം. ഒരു വ്യക്തിയുടെയോ ഗ്രൂപ്പിൻെറയോ പഠനങ്ങളെ ന്യായീകരിക്കാനായി കൃത്രിമമായി ചരിത്രപരമോ സാഹിത്യപരമോ ആയ പശ്ചാത്തലങ്ങളൊന്നും നോക്കാതെ, വെളിപാടുപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വ്യാഖ്യാനിക്കുന്നതു യുക്തിക്കു നിരക്കാത്തതും ബൈബിൾ വ്യാഖ്യാനനിയമങ്ങൾക്കു വിരുദ്ധവുമാണ്. അങ്ങനെയാണ് പെന്തക്കോസ്തു ഗ്രൂപ്പുകളും യഹോവാസാക്ഷികളുമൊക്കെ വെളിപാടുപുസ്തകം കൈകാര്യം ചെയ്യുന്നതും, ബൈബിളിലെ മറേറതു പുസ്തകത്തേയുംകാൾ കൂടുതൽ ഉപയോഗപ്പെടുത്തി ഈ ഗ്രൂപ്പുകൾ വിശ്വാസികളെ വഴിതെററിക്കുന്നതും ഈ പുസ്തകം ഉപയോഗിച്ചാണ്. റോമാ സാമ്രാജ്യത്തിൻെറ ആധിപത്യത്തിൻ കീഴിൽ റോമൻ ചക്രവർത്തിമാരെ ആരാധിക്കുന്നതിനു വിസമ്മതിക്കുകയും സത്യദൈവത്തെയും ക്രിസ്തുവിനെയും മാത്രമേ ആരാധിക്കൂ എന്ന നിലപാടിൽ വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും ചെയ്തതിൻെറ പേരിൽ സഭ മതമർദ്ദനമനുഭവിച്ച ഒരു സാഹചര്യത്തിലാണ് വെളിപാട് പുസ്തകം എഴുതപ്പെട്ടത്. മതപീഡനകാലത്ത് വിശ്വാസികളെ അവരുടെ

വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുന്നതിനു്, പ്രതീക്ഷയും പ്രോത്സാഹനവും നൽകുന്നതിനു് ഉതകത്തക്കവിധം, തങ്ങളുടെ ശത്രുക്കളുടെമേൽ ദൈവം അവസാനം വിജയം വരിക്കും എന്ന ഉറപ്പുകൊടുക്കുന്നതിനുപയുക്തമായ വിധത്തിൽ ഭാവനാത്മകമായ, പ്രതീകങ്ങളും സംഖ്യകളും പ്രതിഛായകളുംകൊണ്ടു് മെനഞ്ഞെടുത്ത, ഒരു ഭാഷയിലാണ് ഈ പുസ്തകം എഴുതപ്പെട്ടിട്ടുള്ളതു്. അതിനു് 'അപ്പോക്കലിപ്തിക് സാഹിത്യരൂപം' എന്നു പറയും. അതു് വ്യാഖ്യാനിക്കുന്നതിനു് ബൈബിൾ പണ്ഡിതന്മാർ സ്വീകരിച്ചിട്ടുള്ള ചില നിയത നിയമങ്ങളുണ്ടു്. അവയെ മാനിച്ചുകൊണ്ടു മാത്രമേ ഈ പുസ്തകം വ്യാഖ്യാനിക്കാവൂ.

വെളിപാടു പുസ്തകം ക്രിസ്തീയ പ്രതീക്ഷയുടെ പുസ്തകമാണ്. ആദിമ ക്രൈസ്തവക്ക് മതപീഡന കാലത്തു് പ്രതീക്ഷ പകർന്നു കൊടുക്കുന്നതിനുവേണ്ടി എഴുതപ്പെട്ടു. പാത്മോസ് ദ്വീപിലേക്കു് നാടുകടത്തപ്പെട്ടു് വിശ്വാസത്തിനുവേണ്ടി മററുള്ളവരോടൊപ്പം സഹിക്കേണ്ടിവന്ന യോഹന്നാനാണ് ഈ പുസ്തകത്തിലെ വെളിപാടുകൾ എഴുതുന്നതു് എന്നു് ആരംഭത്തിൽ പറയുന്നുണ്ടു് (വെളി 1:2_9).

സഭ എപ്പോഴും വിശ്വാസത്തിനുവേണ്ടി സഹിക്കേണ്ടിവരുന്നവരുടെ ഒരു സമൂഹമായിരിക്കും. ''ലോകം നിങ്ങളെ ദ്വേഷിക്കും.... നിങ്ങൾ ലോകത്തിൻേറതല്ലാത്തതുകൊണ്ടു്, ഞാൻ നിങ്ങളെ ലോകത്തിൽ നിന്നും തിരഞ്ഞെടുത്തതുകൊണ്ടു് ലോകം നിങ്ങളെ ദ്വേഷിക്കുന്നു'' (യോഹ 15:18_19). എന്നാൽ ക്രിസ്തു ലോകത്തെ ജയിച്ചതുകൊണ്ടു് ക്രിസ്തുവിനോടുകൂടി സഹനത്തെ അതിജീവിച്ചു് വിശ്വാസത്തിൽ നിലനിന്നാൽ അവിടുത്തോടുകൂടി മഹത്വത്തിൽ പ്രവേശിക്കാം എന്ന പ്രതീക്ഷ എക്കാലത്തും ക്രിസ്തീയ വിശ്വാസത്തിൻെറ പ്രത്യേകതയാണ്. ഈ പ്രതീക്ഷയാണ് വെളിപാടു പുസ്തകത്തിൻെറ സനാതന സന്ദേശം. അന്ത്യപ്രഭാഷണത്തിൽ ക്രിസ്തു അവസാനമായി ശിഷ്യന്മാരോടു് അരുളിച്ചെയ്ത വാക്കുകൾ ഇപ്രകാരമാണ്: ''ലോകത്തിൽ നിങ്ങൾക്കു് ഞെരുക്ക

മുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ. ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു' (യോഹ 16:33). ഈ വാക്കുകളുടെ, സഭയുടെ പ്രായോഗിക ജീവിതാനുഭവവുമായി ബന്ധപ്പെട്ട, ഒരു വ്യാഖ്യാനമാണ് വെളിപാടുപുസ്തകം. ഈ അടിസ്ഥാനപരമായ കാഴ്ചപ്പാടിലൂടെ മാത്രമെ വെളിപാടുപുസ്തകം ശരിയായി വ്യാഖ്യാനിക്കുവാൻ കഴിയൂ.

മതപീഡനത്തിലേർപ്പെട്ടിരുന്ന അന്നത്തെ റോമൻ സാമ്രാജ്യത്തിൻെറ പൈശാചികമായ പ്രവർത്തനങ്ങളെ തിന്മയുടെ മൂർത്തീഭാവമായി കണ്ട് അതിൻെറ നാശവും തിന്മയുടെമേലുള്ള കർത്താവിൻെറ ആത്യന്തിക വിജയവും വെളിപാടുപുസ്തകത്തിൽ ചിത്രീകരിക്കുന്നു. ഈ പുസ്തകം വിശ്വാസത്തിനുവേണ്ടി എക്കാലവും സഹിക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവ ജനതയ്ക്കു് എന്നും പ്രതീക്ഷയും പ്രോത്സാഹനവും പകരുവാൻ പോരുന്ന ഒരു പുസ്തകമാണ്. ഇതൊന്നും കണക്കിലെടുക്കാതെ അഥവാ മന:പൂർവ്വം അവഗണിച്ചുകൊണ്ട് കത്തോലിക്കാസഭാവിരുദ്ധഗ്രൂപ്പുകാം ഈ പുസ്തകം റോമൻ കത്തോലിക്കാസഭയ്ക്കെതിരായി വ്യാഖ്യാനിച്ച് ബൈബിൾ പഠനമില്ലാത്ത അനേകം കത്തോലിക്കരെ വഴിതെററിക്കുന്നുണ്ട്. വെളിപാടു പുസ്തകത്തിലെ പ്രതിച്ഛായകളും, പ്രതീകങ്ങളും സംഖ്യകളും വസ്തുനിഷ്ഠമായി എന്തൊക്കെയാണ് സൂചിപ്പിക്കുന്നത് എന്നുള്ളതിൻെറ വിശദാംശങ്ങളിലേയ്ക്കു് കടക്കുവാൻ ഈ ചെറിയ പുസ്തകത്തിൻെറ സ്ഥലപരിമിതി അനുവദിക്കുന്നില്ല. ചുരുക്കമായി, ഒററ വാചകത്തിൽ പറഞ്ഞാൽ സഭയിൽ യഥാർത്ഥ വിശ്വാസജീവിതം നയിക്കുന്നവർക്കു് അനുഭവിക്കേണ്ടിവരുന്ന ക്ലേശങ്ങളും തിന്മയുടെ ശക്തികളുമായുള്ള പോരാട്ടവും ക്രിസ്തുവിനോടുകൂടി അന്ത്യാത്മകമായി നേടാനിരിക്കുന്ന വിജയവും അന്നത്തെ റോമൻ സാമ്രാജ്യ മതപീഡന പശ്ചാത്തലത്തിൽ വിവരിക്കുന്ന സൂചനാത്മകങ്ങളായ പ്രതിച്ഛായകളും, പ്രതീകങ്ങളും സംഖ്യകളുമാണവ. ഇത്രയും മനസ്സിലാക്കിയിരുന്നാൽ സഭാവിരുദ്ധരുടെ ദുർവ്യാഖ്യാനങ്ങളുടെ കെണിയിൽപ്പെട്ട്

വിശ്വാസത്തിൽ നിന്നും വ്യതിചലിക്കാതിരിക്കാൻ സഭാതനയർക്കു കഴിയും. വിശദാംശങ്ങൾ ഈ പുസ്തകം ബൈബിൾ വ്യാഖ്യാനനിയമങ്ങൾക്കനുസരിച്ച് പഠിച്ചിട്ടുള്ളവരിൽനിന്നും ചോദിച്ച് മനസ്സിലാക്കാവുന്നതാണ്.

## 'അർമാഗെദോൻ' എന്താണ്?

വെളിപാടുപുസ്തകം 16:16_ൽ പറയുന്ന 'അർമാഗെദോൻ' ദൈവം ആസന്നഭാവിയിൽ നടത്താനിരിക്കുന്ന നീതിനിഷ്ഠമായ ഒരു യുദ്ധത്തിൻെറ സ്ഥലമായിട്ടാണ് യഹോവാസാക്ഷികൾ കാണുന്നതു്. എന്നാൽ അങ്ങനെയല്ല. വിശ്വാസികൾക്ക് സഹനമുളവാക്കുന്ന തിന്മയുടെ ശക്തികളുമായുള്ള പോരാട്ടത്തിൽ ദൈവവും ക്രിസ്തുവും ക്രിസ്തുവിനോടുകൂടെ വിശ്വസ്തരായി വിശ്വാസത്തിൽ നിലനില്ക്കുന്നവരും വരിക്കേണ്ട ആത്യന്തിക വിജയത്തെക്കുറിക്കുന്ന നിർണ്ണായക നിമിഷത്തെ പ്രതീകാത്മകമായി സൂചിപ്പിക്കുന്ന ഒന്നാണ് 'അർമാഗെദോൻ'.

ഇതു് പഴയനിയമ പശ്ചാത്തലത്തിൽ നമുക്ക് മനസ്സിലാക്കാം. ഇസ്രായേലിൻെറ ചരിത്രത്തിൽ നിർണ്ണായകമായ പല യുദ്ധങ്ങളും നടന്നിട്ടുള്ള 'മെഗിദോ' പർവ്വതനിരകളാണ് ഇവിടെ പരാമർശിക്കപ്പെടുന്നതു്. ജോഷ്വായുടെ വിജയങ്ങളിലൊന്നു് (ജോഷ്വാ 12:21) കാനാൻകാർക്കെതിരെയുള്ള ബാറാക്കിൻെറ യുദ്ധം(ന്യായ 5) മിദിയാൻകാർക്കെതിരെയുള്ള ഗിദയോൻെറ വിജയം (ന്യായ 7) സോളമൻെറ കോട്ടകളിൽ ഒന്നു് (1 രാജാ 9:15_16) ജെഹു തൻെറ സിംഹാസനം ഉറപ്പിച്ചതു് (2 രാജാ 9:27) ജോസിയായും ഈജിപ്തുകാരും തമ്മിലുള്ള യുദ്ധം (2 രാജ 23:29) ഇങ്ങനെ പലതും 'മെഗിദോ' യുമായി ബന്ധപ്പെടുത്തുന്നുണ്ടു്. അതുകൊണ്ടു് കർത്താവിൻെറ ദിവസത്തിൽ ദൈവവും അന്ധകാരശക്തികളും തമ്മിലുള്ള നിർണ്ണായക പോരാട്ടത്തിനു് പററിയ ഒരു പ്രതീകമായി യോഹന്നാൻ അതു് സ്വീകരിച്ചു.

## മുദ്രിതരായ നൂററിനാല്പത്തിനാലായിരം പേർ ആരാണ്?

വെളിപാടുപുസ്തകത്തിൽ മുദ്രിതരായവരും (വെളി 7:3_4) കുഞ്ഞാടിനോടുകൂടെ നില്ക്കുന്നവരും (വെളി 14:1) ആയ നൂററിനാല്പത്തിനാലായിരം പേർ അവതരിപ്പിക്കപ്പെടുന്നു. ഇവർ ക്രിസ്തുവിനോടുകൂടി ദൈവത്തിൻെറ ഗവൺമെൻറിൻെറ ഭരണാധികാരികളാകേണ്ടവരാണ്. ഇവർ ഭൂമിയിൽ പരീക്ഷിക്കപ്പെട്ടവരും വിശ്വസ്തരുമാണ്. ഇവരുടെ എണ്ണം കൃത്യം 144000 ആണ് എന്നൊക്കെയാണ് യഹോവാസാക്ഷികൾ പഠിപ്പിക്കുന്നത്.

എന്നാൽ ഇവർ ഇസ്രായേൽ മക്കളുടെ പന്ത്രണ്ടു ഗോത്രങ്ങളിലും നിന്ന് പന്തീരായിരം വീതമുള്ളവരാണെന്ന് വെളി 7:4-8 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. ഇത് തീർച്ചയായും അക്ഷരാർത്ഥത്തിലാകാൻ സാദ്ധ്യതയില്ല. അതുകൊണ്ട് പ്രതീകാത്മകമായിരിക്കണം. പുതിയ ഇസ്രായേലാകുന്ന ദൈവജനത്തെയാണ് ഈ സംഖ്യ സൂചിപ്പിക്കുന്നത്. ഇവർ നെററിത്തടത്തിൽ മുദ്രകുത്തപ്പെട്ടവരാണ് (വെളി 7:3). എസക്കിയേലിൻെറ പുസ്തകം 9_ാം അദ്ധ്യായം 1 മുതൽ 11 വരെ വാക്യങ്ങളിൽ മുദ്ര കുത്തപ്പെട്ട വിശ്വസ്തരായവരെപ്പററി പ്രതിപാദിക്കുന്നുണ്ട്. അതിൽ നിന്നും പ്രചോദനമുൾക്കൊണ്ടായിരിക്കണം യോഹന്നാൻ ഇതു് അവതരിപ്പിക്കുന്നത്. എസക്കിയേലിൽ 'മുദ്ര' ഹീബ്രൂവിൽ 'താവ്' ആണ്. ഇത് അക്കാലത്ത് കുരിശിൻെറ ആകൃതിയിലാണ് എഴുതപ്പെട്ടിരുന്നത്. അതുകൊണ്ട് വെളിപാടുപുസ്തകത്തിൽ മാമ്മോദീസാ സ്വീകരിച്ച വിശ്വാസികളെ ഇതു സൂചിപ്പിക്കുന്നു എന്നു പറയാം. കാരണം ആദിമസഭയിൽ മാമ്മോദീസാ 'മുദ്ര' (ഗ്രീക്കിൽ സ്ഫ്റാഗീസ്) എന്നറിയപ്പെട്ടിരുന്നു. മാമ്മോദീസായിലൂടെ പരിശുദ്ധാത്മാവിലുള്ള ജീവിതം ആരംഭിച്ച കൊറിന്തിലെ ക്രൈസ്തവരോട് വി.പൗലോസ് പറയുന്നു: ''അവിടുന്നു നമ്മിൽ തൻെറ മുദ്ര പതിക്കുകയും അച്ചാരമായിട്ട് തൻെറ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേയ്ക്കു പകരുകയും ചെയ്തിരിക്കുന്നു'' (2 കൊറി 1:22).

ദൈവം സ്വന്തമാക്കിയവർ എന്നർത്ഥം. പതിനാലാം അദ്ധ്യായത്തിൽ ഇവർ, സ്ത്രീകളോടുചേർന്നു മലിനരാകാത്തവരാണ്'' എന്നു് പറഞ്ഞിരിക്കുന്നു (വെളി 14: 1_5) വിഗ്രഹാരാധനയെ വ്യഭിചാരത്തോട്ട് ഉപമിച്ചിരുന്നു. ദൈവവും ദൈവജനവും തമ്മിലുള്ള ബന്ധം വിവാഹബന്ധത്തോട്ട് ഉപമിച്ചിരുന്നുവല്ലൊ. ഇതെല്ലാം സൂചിപ്പിക്കുന്നതു് വെളിപാടിലെ 'നൂററിനാല്പത്തിനാലായിരം പേർ' മതപീഡനകാലത്തു് വിശ്വസ്തതയോടുകൂടി വിശ്വാസത്തിൽ ഉറച്ചുനിന്ന വിശ്വാസികളുടെ സമൂഹത്തെ ദൈവജനത്തെ മുഴുവൻ ഉദ്ദേശിച്ചുള്ളതാണ് എന്നാണ്. പ്രതീകാത്മകമായി ലോകാവസാനംവരെ ഈ ലോകത്തിലൂടെ വിശ്വാസത്തിനു വേണ്ടി സഹിച്ച് കടന്നുപോകുന്ന ദൈവജനത്തെ മുഴുവൻ ഇതു സൂചിപ്പിക്കുന്നു.

## ആയിരം വർഷത്തെ ഭരണം എന്തിനെ സൂചിപ്പിക്കുന്നു?

വെളിപാടുപുസ്തകത്തിൽ ക്രിസ്തുവിനോടുകൂടി ആയിരം വർഷം വാഴുന്നവരെപ്പററി പറയുന്നുണ്ടു് (വെളി 20:1_6). ഇതു് അനതിവിദൂരഭാവിയിൽ ഭൂമിയിൽ യാഥാർത്ഥ്യമാകുവാൻ പോകുന്ന ഒരു സമാധാന വ്യവസ്ഥിതിയായിട്ടാണ് യഹോവാസാക്ഷികൾ വ്യാഖ്യാനിക്കുന്നതു്.

ഇവിടെയും അവരുടെ വ്യാഖ്യാനത്തിൽ തെററുപററിയിരിക്കുന്നു. സഭയുടെ കാലഘട്ടമാണ് ഇവിടെ വിവക്ഷിക്കുന്നതു്. ഒന്നാമതു് 'ആയിരം' എന്ന സംഖ്യ അപ്പോകലിപ്ററിക് സാഹിത്യരൂപത്തിൽ പരിമിതിയില്ലാത്ത ഒരു സംഖ്യയെ സൂചിപ്പിക്കുന്നു. മാത്രമല്ല ഈ കാലഘട്ടത്തിൽ ക്രിസ്തുവിനോടുകൂടി വാഴുന്നവരുടെ സവിശേഷതകൾ പരിശോധിച്ചാൽ ഇതു് സഭയുടെ കാലഘട്ടത്തെയാണ് സൂചിപ്പിക്കുന്നതു് എന്നു് കാണാം. ഇവർ ക്രിസ്തുവിനും ദൈവവചനത്തിനും സാക്ഷ്യം നല്കിയതിൻെറ പേരിൽ വധിക്കപ്പെട്ടവരും വിഗ്രഹാരാധനയുടെ മുദ്ര സ്വീകരിക്കാത്തവരുമാണ് (വെളി 20: 4). ഇതിനെ 'ഒന്നാമത്തെ പുനരുത്ഥാനം' എന്നാണ് വിശേഷിപ്പിക്കുക

(വെളി 20:5). ക്രിസ്തുവിനോടുകൂടി മാമ്മോദീസായിൽ ആദ്ധ്യാത്മികമായി മരിച്ച് ഉത്ഥാനം ചെയ്തവരെല്ലാം ഈ ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുചേർന്നവരാണ്. അവർ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്ന ജീവിതം വിജയ കരമായി നയിച്ച് ക്രിസ്തുവിനോടുകൂടി മഹത്വത്തിൽ ജീവിക്കുന്നു. ഇവരുടെമേൽ രണ്ടാമത്തെ മരണത്തിനു് ഒരധികാരവുമില്ല (വെളി 20:6). അതായതു് നിത്യ മരണം അവരെ ബാധിക്കുകയില്ല.

യോഹന്നാൻെറ 'യാഥാർത്ഥ്യമായ അന്ത്യാത്മകത' (realised eschatology) യുടെ ഒരു കാഴ്ചപ്പാടാണ് ഇതു്. ക്രിസ്തുവിൻെറ ഉത്ഥാനം മുതൽ ലോകാവസാനംവരെയുള്ള കാലഘട്ടം, സഭയുടെ കാലഘട്ടമാണ്. അതു് പാപത്തി ൻെറയും മരണത്തിൻെറയും മേൽ ക്രിസ്തു വിജയം വരിച്ച് വാഴുന്ന കാലഘട്ടമാണ്. ക്രിസ്തുവിനോടുകൂടി മരിച്ച് ജീ വിക്കുന്നവരും ഈ മഹത്വത്തിൽ പങ്കുചേരുന്ന കാലഘട്ടം.

ക്രിസ്തുവിൻെറ രണ്ടാമത്തെ വരവ് രണ്ടു് ഘട്ടങ്ങളി ലായിട്ടാണ് യാഥാർത്ഥ്യമാകുന്നതു്. ഒന്നാം ഘട്ടം പരി ശുദ്ധാത്മാവിലൂടെ പന്തക്കുസ്തായിൽ ക്രിസ്തു ആഗതനായ തോടുകൂടി യാഥാർത്ഥ്യമായി. ''ഇപ്പോൾ നിങ്ങൾ ദുഃഖി തരാണ്. എന്നാൽ ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ ആ സന്തോഷം ആരും നിങ്ങളിൽനിന്നു് എടുത്തുകളയുക യില്ല'' (യോഹ 16:22). എന്നു് ക്രിസ്തു ശിഷ്യർക്കു നല്കിയ വാഗ്ദാനം അവിടുത്തെ ഉത്ഥാനത്തിൽ ഒരു വിധത്തിൽ നിറവേറിക്കഴിഞ്ഞു. ''കർത്താവിനെ കണ്ടു് ശിഷ്യന്മാർ സന്തോഷിച്ചു'' (യോഹ 20:20). രണ്ടാം ഘട്ടം ലോകാ വസാനത്തിൽ ക്രിസ്തുവിനോടുകൂടി മഹത്വത്തിൽ പ്രവേ ശിച്ചവരുടെയെല്ലാം വാഴ്ചയുടെ സാർവ്വത്രികമായ പ്രത്യ ക്ഷീകരണമാണ്. അതു് എന്നു സംഭവിക്കുമെന്നു് സ്വർഗ്ഗ സ്ഥനായ പിതാവിനല്ലാതെ ആർക്കും അറിഞ്ഞുകൂടാ (മത്താ 24:36). അന്നു് നിത്യജീവൻെറയും നിത്യമരണ ത്തിൻെറയും നിർണ്ണായകമായ വെളിപ്പെടുത്തൽ സംഭ വിക്കും.

## ക്രിസ്തു ദൈവമാണോ?

തീച്ചയായും. ക്രിസ്തുവിൻെറ ദൈവത്വത്തെ യഹോവാസാക്ഷികരം നിഷേധിക്കുന്നു. ഈശോ ഒരു മനുഷ്യനാണെന്നും, ജോർദ്ദാനിൽ സ്നാനം സ്വീകരിച്ച അവസരത്തിൽ ക്രിസ്തു ആയി മാറിയതാണെന്നും പുതിയ ഭൂമിയിലെ ദൈവഭരണത്തിൻെറ നേതാവായിത്തീരാൻ ആത്മീയമായി ദൈവത്താൽ ഉയിപ്പിക്കപ്പെട്ടവനാണെന്നും, യഹോവാസാക്ഷികരം പഠിപ്പിക്കുന്നു. എന്നാൽ ക്രിസ്തുവിൻെറ ദൈവത്വം വളരെ വ്യക്തമായി പുതിയനിയമം പ്രഖ്യാപിക്കുന്നു. ഗലാത്തിയായിലെ സഭയ്ക്കെഴുതിയ ലേഖനത്തിൽ വി. പൗലോസ് ഇപ്രകാരം പറയുന്നു: ''എന്നാൽ, കാലസമ്പൂർണ്ണത വന്നപ്പോരം,ദൈവം തൻെറ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽനിന്നു ജാതനായി'' (ഗലാ 4:4). സ്ത്രീയിൽനിന്നു ജാതനാകുന്നതിനുമുമ്പേ അവൻ ദൈവപുത്രനായിരുന്നു എന്നു വ്യക്തം. അതായത്ു് മനുഷ്യനായിതീരുന്നതിനുമുമ്പ് ദൈവപുത്രനായിരുന്ന വ്യക്തിയാണ് ക്രിസ്തു. വി. യോഹന്നാൻ പറയുന്നു: ''ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടിയായിരുന്നു. വചനം ദൈവമായിരുന്നു. വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവൻെറ മഹത്വം നമ്മരം ദശിച്ചു. കൃപയും സത്യവും നിറഞ്ഞതും, പിതാവിൻെറ ഏകജാതൻേറതുമായ മഹത്ത്വം'' (യോഹ 1:1-14). മാംസമായി അവതരിച്ച ക്രിസ്തു ദൈവമായിരുന്ന വചനം തന്നെയാണെന്നു വ്യക്തം. 'കൃപയും സത്യവും' പഴയനിയമത്തിൽ ദൈവത്തിൻെറ സവിശേഷതകളായിട്ടാണ് പറയപ്പെടുന്നതു് (പുറ 34:6). ഈ സവിശേഷതകരം നിറഞ്ഞവനായിട്ട് ക്രിസ്തുവിനെ അവതരിപ്പിക്കുന്നു (യോഹ 1:14; 16-17).

യോഹന്നാൻ തുടന്നു പറയുന്നു: ''ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിൻെറ മടിയിലിരിക്കുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയതു്'' (യോഹ 1:18). ഇവിടെയും ക്രിസ്തുവിൻെറ ദൈവത്വമാണ് പ്രകടമാകുന്നതു്. ക്രിസ്തു തന്നെ പറയുന്നു: ''ഞാനും പിതാവും ഒന്നാണ്'' എന്നു

(യോഹ 10: 30). ദൈവവുമായുള്ള സമത്വം ക്രിസ്തു അവകാശപ്പെട്ടു. ''പിതാവു ചെയ്യുന്നതെല്ലാം അപ്രകാരം തന്നെ പുത്രനും ചെയ്യുന്നു'' (യോഹ 5: 19). വി. തോമ്മാശ്ലീഹാ ക്രിസ്തുവിനെ കർത്താവും ദൈവവുമായി ഏററു പറയുന്നുണ്ട് (യോഹ 20: 28).

## പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസം ബൈബിൾ അധിഷ്ഠിതമാണോ?

തീർച്ചയായും. പിതാവും പുത്രനും പരിശുദ്ധാത്മാവും എന്ന മൂന്ന് ആളുകൾ ദൈവത്തിലുള്ളതായി പുതിയ നിയമം വ്യക്തമാക്കുന്നുണ്ട്. ത്രിയേക ദൈവത്തിൻെറ വെളിപ്പെടുത്തലാണ് ക്രിസ്തുവിൻെറ ജ്ഞാനസ്നാനാവസരത്തിൽ ദൃശ്യമായത്. ''സ്വർഗ്ഗം തുറക്കപ്പെട്ടു, ദൈവാത്മാവു് പ്രാവിൻെറ രൂപത്തിൽ തൻെറമേൽ ഇറങ്ങിവരുന്നതു് അവൻ കണ്ടു. ഇവൻ എൻെറ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു് ഒരു സ്വരം സ്വർഗ്ഗത്തിൽ നിന്നും കേട്ടു'' (മത്താ 3: 16-17). ദൈവമായിരുന്ന വചനം (യോഹ 1:1) മാംസം ധരിച്ച വ്യക്തിയാണ് പുത്രൻ (യോഹ 1:14). അവിടുന്നു് പിതാവിൻെറ ദൈവം തന്നെയായ ഏകജാതനാണ് (യോഹ 1:18). ''ദൈവമായിരുന്ന വചനം ദൈവത്തോടുകൂടിയായിരുന്നു'' (യോഹ 1: 1) എന്നു പറയുമ്പോൾ ദൈവവും വചനവും (പിതാവും പുത്രനും) ദൈവത്തിലുള്ള രണ്ടു് ആളുകൾ ആണെന്നു വ്യക്തമാകുന്നു. വി. മത്തായിയുടെ സുവിശേഷം 28-ാം അദ്ധ്യായത്തിൽ ''പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനപ്പെടുത്തുവിൻ'' എന്നു പറയുമ്പോൾ അവർ മൂന്നുപേരെയും തുല്യതയിലാണ് കാണുക (മത്താ 28: 19-20). ത്രിയേക ദൈവത്തിൻെറ സൂചനയാണ് ഇവിടെ നൽകപ്പെടുന്നതു്. മത്തായിയുടെ സുവിശേഷം 12-ാം അദ്ധ്യായത്തിൽ പരിശുദ്ധാത്മാവിനെതിരായ പാപത്തെപ്പററി പരാമർശിക്കുന്നു. ദൈവത്തിനെതിരായ പ്രവൃത്തിയാണല്ലോ പാപം. അതുകൊണ്ടു് പരിശുദ്ധാത്മാവു് ദൈവമാണെന്നു് വ്യക്തമാകുന്നു. പുത്രൻെറ നാമത്തിൽ പിതാവു് അയയ്ക്കുന്ന സഹായകനാണ് - പാറ

ക്ലേത്തയാണ് പരിശുദ്ധാത്മാവ് (യോഹ 14:26). അതുകൊണ്ട് ഇവിടെയും മൂന്നുപേരും ഉൾപ്പെട്ടിരിക്കുന്നു. വി. പൗലോസ് കൊറീന്ത്യക്കുള്ള തൻെറ രണ്ടാം ലേഖനത്തിൽ അവസാനം നൽകുന്ന ആശംസ ത്രിയേക ദൈവത്തിൻെറ നാമത്തിൽ ആണ്. ''കർത്താവായ യേശു ക്രിസ്തുവിൻെറ കൃപയും, ദൈവത്തിൻെറ സ്നേഹവും, പരിശുദ്ധാത്മാവിൻെറ സഹവാസവും നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ (2 കൊറി 13:14). അങ്ങനെ പുതിയ നിയമത്തിൽ ത്രിയേക ദൈവത്തെപ്പററിയുള്ള പരാമശ്ശനങ്ങൾ നിരവധിയാണ്.

## പരിശുദ്ധാരൂപി ഒരു വ്യക്തിയോ?

തീർച്ചയായും. പരിശുദ്ധാത്മാരൂപി ത്രിത്വത്തിലെ മൂന്നാമത്തെ ആൾ എന്ന നിലയിൽ ഒരു വ്യക്തി തന്നെയാണ്.

യഹോവാസാക്ഷികൾ ദൈവത്തിൻെറ അരൂപിയെ ദൈവത്തിൻെറ ഒരു ശക്തിവിശേഷമായിട്ടു മാത്രമാണ് കാണുന്നതു്.

എന്നാൽ ബൈബിളിൻെറ പഠനം കത്തോലിക്കാസഭയുടെ പഠനത്തിനു് അനുസൃതമാണ്. പരിശുദ്ധാരൂപി ഒരു വ്യക്തിയായി പിതാവിനോടും പുത്രനോടുമൊപ്പം ബൈബിളിൽ അവതരിപ്പിക്കപ്പെടുന്നു. ജ്ഞാനസ്നാനം 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ' കൊടുക്കുവാനാണ് ക്രിസ്തു നിർദ്ദേശിച്ചതു് (മത്താ 28:19-20). മൂന്നാളുകളും തുല്യതയിലാണ് അവിടെ പറയപ്പെടുന്നതു്. പിതാവിനെയും പുത്രനെയുംപോലെ ഒരു വ്യക്തിയായിട്ടാണ് പരിശുദ്ധാത്മാവ് ഇവിടെ പരാമർശിക്കപ്പെടുന്നതു്. പിതാവ് അയയ്ക്കുന്ന ഒരു 'സഹായകൻ' ആയിട്ടാണ് പരിശുദ്ധാത്മാവ് യോഹന്നാൻെറ സുവിശേഷത്തിൽ അറിയപ്പെടുക. ''ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേയ്ക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ മറെറാരു സഹായകനെ അവിടുന്നു് നിങ്ങൾക്കു തരികയും ചെയ്യും'' (യോഹ 14:16). ലോകത്തിനു കാണാനോ അറിയാനോ

കഴിയാത്തവനും വിശ്വസിക്കുന്നവരോടൊത്തു വസിക്കുന്നവനും ആയിട്ടാണ് പരിശുദ്ധാത്മാവിനെ യോഹന്നാന്റെ സുവിശേഷം അവതരിപ്പിക്കുക (യോഹ 14:17). വിശ്വാസികളിൽ വസിക്കുന്നവനാണ് പരിശുദ്ധാത്മാവിയെന്നും അവരുടെ ശരീരം പരിശുദ്ധാത്മാവിയുടെ ആലയമാണെന്നും വി. പൗലോസ് പഠിപ്പിക്കുന്നു ( 1കൊറി 6:19). ''കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ'' (2 കൊറി 13:14) എന്ന ആശംസയും വ്യക്തമാക്കുന്നതു് പരിശുദ്ധാത്മാവി പിതാവിനേയും പുത്രനെയും പോലെതന്നെ വ്യക്തിത്വമുള്ള, തുല്യതയുള്ള ഒരാൾ ആണെന്നാണ്.

## ക്രിസ്ത്യാനികളുടെ ദൈവം യഹോവയോ പിതാവോ?

ക്രിസ്ത്യാനികളുടെ ദൈവം പിതാവാണ്. യഹോവയല്ല. ദൈവത്തെ സംബോധന ചെയ്യാൻ 'യഹോവാ' എന്ന പദമാണ് യഹോവാസാക്ഷികൾ ഉപയോഗിക്കുന്നതു്. യഹോവാ എന്ന പദപ്രയോഗം തന്നെ തെററാണ്. ഹീബ്രു പഴയനിയമത്തിൽ ദൈവത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ 'ഏൽ', 'ഏലോഹിം', 'യാഹ്വെ' എന്നിവയാണ്. 'യാഹ്വേ' എന്ന നാമം യഹൂദർ വളരെ പൂജ്യമായി കരുതിയിരുന്നതുകൊണ്ടു് 'യാഹ്വെ' എന്നു വരുന്നിടത്തെല്ലാം വ്യഞ്ജനങ്ങൾക്കു മുകളിൽ 'അദോണായ്'' എന്ന വാക്കിന്റെ സ്വരാക്ഷരങ്ങൾ (അ–ഒ–അ) എഴുതി 'അദോണായ്'' എന്നു് യഹൂദർ വായിച്ചിരുന്നു. ഈ പുരാതന ഹീബ്രുഭാഷ പരിചയമില്ലാത്തവർ ഹീബ്രു പഴയനിയമം കൈകാര്യം ചെയ്തപ്പോൾ 'യാഹ്വെ' എന്ന പദത്തിന്റെ മുകളിൽ കണ്ട സ്വരാക്ഷരങ്ങൾ 'യാഹ്വേ'യുടേതായി കരുതി 'യഹോവാ' എന്നു വായിക്കാൻ തുടങ്ങി. അങ്ങനെയാണ് 'യഹോവാ' എന്ന പദത്തിന്റെ ഉത്ഭവം. ഇതാണ് യഹോവാസാക്ഷികൾ സ്വയം ഉപയോഗിക്കുന്നതു്.

പഴയനിയമകാലത്ത് ബഹുദൈവവാദികളുടെ മദ്ധ്യേ ജീവിച്ചിരുന്ന ഇസ്രായേലിൽ ഏക ദൈവത്തിലുള്ള വിശ്വാസം ഉറപ്പിക്കാൻ ദൈവത്തിൻെറ ഏകത്വം ഊന്നിപ്പറഞ്ഞിരുന്നു. ക്രിസ്തു ആണ് പുതിയനിയമത്തിൽ പഴയനിയമവെളിപാടിനെ പൂർത്തീകരിച്ചുകൊണ്ട് ഏക ദൈവത്തിൻെറ ത്രിത്വസ്വഭാവത്തെപ്പററി വെളിപ്പെടുത്തിയത്. ക്രിസ്തു ഈ പുതിയ വെളിപ്പെടുത്തലിൻെറ പശ്ചാത്തലത്തിൽ ദൈവത്തെ ''പിതാവേ'' (ആബ്ബാ) എന്നാണ് സംബോധന ചെയ്തത്. അവിടുന്ന് പ്രാർത്ഥിച്ചു: ''ആബ്ബാ, പിതാവേ, എല്ലാം അങ്ങേയ്ക്ക് സാദ്ധ്യമാണ്. ഈ പാനപാത്രം എന്നിൽനിന്നു മാററിത്തരേണമേ''(മർക്കോ 14:36). അങ്ങനെതന്നെ ദൈവത്തെ സംബോധന ചെയ്യാൻ തൻെറ ശിഷ്യന്മാരെ ആഹ്വാനം ചെയ്തു: ''അവൻ അരുളിച്ചെയ്തു: നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുവിൻ. പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ'' (ലൂക്കാ 11: 2).

ആദിമക്രൈസ്തവരും അവരുടെ പ്രാർത്ഥനയിൽ ദൈവത്തെ സംബോധന ചെയ്തത് അങ്ങനെതന്നെയാണ്. ''ഈ ആത്മാവുമൂലമാണ് നാം ആബ്ബാ, പിതാവേ, എന്നു വിളിക്കുന്നത്. നാം ദൈവത്തിൻെറ മക്കളാണെന്ന് ഈ ആത്മാവ് നമ്മുടെ ആത്മാവിനോടു ചേർന്ന് സാക്ഷ്യം നൽകുന്നു'' (റോമ 8: 15-16). ദൈവമക്കൾക്കടുത്ത ചൈതന്യം പുലത്തുന്ന, ജീവിക്കുന്ന, ദൈവരാജ്യത്തിലെ അംഗങ്ങളായ ക്രിസ്ത്യാനികൾക്ക് ഏററം അനുയോജ്യമായ സംബോധനയും ഇതുതന്നെ. ആകയാൽ ക്രിസ്ത്യാനികളുടെ ദൈവം യഹോവയല്ല, പിതാവത്രേ.

## ക്രിസ്ത്യാനികൾ യഹോവയുടെ സാക്ഷികളോ, ക്രിസ്തുവിൻെറ സാക്ഷികളോ?

ക്രിസ്ത്യാനികൾ യഹോവയുടെ സാക്ഷികളല്ല, ക്രിസ്തുവിൻെറ സാക്ഷികളത്രെ. ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണത്തിനുമുമ്പ് ശിഷ്യന്മാർ ഒരുമിച്ചുകൂടിയ അവ

സരത്തിൽ ക്രിസ്തു അവരോട് ഇപ്രകാരം പറയുന്നതായി നാം നടപടി പുസ്തകത്തിൽ വായിക്കുന്നു. ''എന്നാൽ, പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും, യൂദയാ മുഴുവനിലും, സമരിയായിലും, ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും'' (നടപടി 1:8). പഴയനിയമത്തിലെ ദൈവമായ യഹോവാസാക്ഷ്യല്ല, ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനാണ്, ക്രിസ്തു തൻെറ ശിഷ്യന്മാരോട് ആവശ്യപ്പെട്ടതു്. ക്രിസ്തുവിൻെറ കാലശേഷം പരിശുദ്ധാത്മാവിനാൽ ശക്തി പ്രാപിച്ച്, ശിഷ്യന്മാർ തനിക്കു സാക്ഷ്യം വഹിക്കണമെന്ന് അവിടുന്ന് മുൻകൂട്ടി പറയുകയും ചെയ്തിട്ടുണ്ട്. ''ഞാൻ പിതാവിൻെറ അടുത്തു നിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നു പുറപ്പെടുന്ന ആ സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം നല്കും. ആരംഭം മുതൽ എന്നോടുകൂടിയുള്ളവരായതുകൊണ്ട് നിങ്ങളും സാക്ഷ്യം നല്കും'' (യോഹ 15:26-27).

# വിശ്വാസവിരുദ്ധഗ്രൂപ്പുകളെ നേരിടേണ്ടവിധം

### *കത്തോലിക്കർ വിശ്വാസവിരുദ്ധ ഗ്രൂപ്പുകളിൽ ചേരാൻ പ്രേരിതരാകുന്ന സാഹചര്യങ്ങൾ ഏവ?*

പലതാണ് ചിലതു് സൂചിപ്പിക്കട്ടെ.

1. സുലഭമായി സാമ്പത്തികസഹായം ലഭിക്കുന്നതുകൊണ്ട് സാമൂഹ്യസമ്പർക്കമാദ്ധ്യമങ്ങൾ കൂടുതലായും, ആകർഷണീയമായും ഉപയോഗപ്പെടുത്തുവാൻ ഈ ഗ്രൂപ്പുകാർക്കു കഴിയുന്നുണ്ട്. പുസ്തകങ്ങൾ വളരെ വിലകുറച്ചും

വിലയില്ലാതെതന്നെയും അവർ നല്കുന്നു. വീടുകഠം കയറിയിറങ്ങിയും, വ്യക്തികളെ നിരന്തരം അനുധാവനം ചെയ്തും, നിർബന്ധിച്ചും തങ്ങളുടെ ഗ്രൂപ്പുകളിൽ ചേർക്കുന്നു.

2. സഭാവിരുദ്ധഗ്രൂപ്പുകളിൽപ്പെട്ടവർക്ക്, അവരുടെ പ്രത്യേക വിശ്വാസത്തെ സമർത്ഥിക്കാവുന്നതും, കത്തോലിക്കാസഭയെ വിമർശിക്കാനുതകുന്നവയുമായ ബൈബിഠം വാക്യങ്ങഠം കാണാതെ പറയാനും, ഉദ്ധരിക്കുവാനും കഴിയുന്നു. ബൈബിളിനെക്കുറിച്ചുള്ള അവരുടെ അറിവ് വളരെ പരിമിതമാണെങ്കിലും, അവർക്ക് ബൈബിളിൽ അവഗാഹമായ പാണ്ഡിത്യമുണ്ടെന്ന് കത്തോലിക്കർ തെററിദ്ധരിക്കയും അവരുടെ ആകർഷണ വലയത്തിൽ കുടുങ്ങുകയും ചെയ്യുന്നു.

3. ചെറിയ ചെറിയ സാഹോദര്യഗ്രൂപ്പുകളെ അവർ പ്രോത്സാഹിപ്പിക്കുന്നതുകൊണ്ട് വ്യക്തിപരമായ ബന്ധങ്ങഠം വളരാനുള്ള സാഹചര്യം സംജാതമാകുന്നു. അങ്ങനെ ഓരോരുത്തരും പ്രാധാന്യമർഹിക്കുന്നവരാണെന്ന അനുഭവം ഓരോരുത്തർക്കും കിട്ടുവാൻ സാഹചര്യം സൃഷ്ടിക്കുന്നു. നേരേമറിച്ച് കത്തോലിക്കാസഭയിൽ എണ്ണത്തിൽ ഒരു വലിയ സമൂഹമാണ് ആരാധനയ്ക്ക് ഒരുമിച്ചുകൂടുന്നത്. തന്മൂലം വ്യക്തിപരമായ അനുഭവവും സംതൃപ്തിയും താരതമ്യേന കുറയുന്നു.

4. ഇവർ വൈകാരികതലത്തെ പ്രചോദിപ്പിക്കുകയും, പ്രീണിപ്പിക്കുകയും, വൈകാരിക അനുഭവങ്ങഠംക്ക് ആക്കം വർദ്ധിപ്പിക്കത്തക്കരീതിയിൽ പ്രാർത്ഥനാ സമ്മേളനങ്ങഠം ക്രമീകരിക്കുകയും ചെയ്യുന്നു. അതേസമയം കത്തോലിക്കരുടെ ആരാധനക്രമസമ്മേളനങ്ങഠംക്ക് ആ രീതിയിൽ അനുഭൂതിതലത്തിലും, വൈകാരികതലത്തിലും വേണ്ടത്ര തൃപ്തി കൊടുക്കാൻ കഴിയാതെ പോകുന്നു.

5. അവർ സംഘടിതമായി ആളുകളെ അവരുടെ അണികളിലേയ്ക്കു് കൊണ്ടുവരാനുള്ള നിരന്തരമായ പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നു. നേതാക്കന്മാരിൽ നിന്നു് അതിനു് പ്രോത്സാഹനവും, നിരന്തരമായ നിർദ്ദേശങ്ങളും ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

## കത്തോലിക്കർ സഭാവിരുദ്ധഗ്രൂപ്പുകളിൽ ചേരുന്നത് ഉചിതമോ?

ഒരിക്കലുമല്ല. ക്രിസ്തുവിൻെറ സത്യസഭയെ ഉപേക്ഷിക്കുവാൻ നമുക്ക് അവകാശമില്ല. ക്രിസ്തു പറയുന്നു: "നിങ്ങളെന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തതു്" (യോഹ 15:16). ദൈവത്തിൻെറ ഈ തിരഞ്ഞെടുപ്പാണ് മാമ്മോദീസാ സ്വീകരിച്ച് അപ്പസ്തോലിക തുടർച്ചയിൽ നമുക്ക് സഭയിലൂടെ ലഭിക്കുന്ന ക്രിസ്തു വിശ്വാസം സ്വീകരിക്കുവാൻ ഇടയാക്കിയതു്. പുതുമയുടേയോ, ജിജ്ഞാസയുടേയോ സാമ്പത്തിക കാര്യലാഭത്തിൻെറയോ, ചില നല്ല അനുഭൂതികളുടെയോ പേരിൽ ദൈവത്തിൻെറ കൃപയാൽ നമുക്ക് ലഭിച്ച സത്യവിശ്വാസം ത്യജിക്കുന്നതു് ദൈവത്തോടുള്ള ഉത്തരവാദിത്വമില്ലായ്മയാണ്, അവിശ്വസ്തതയാണ്. അറിവില്ലായ്മകൊണ്ടല്ലെങ്കിൽ അതു പാപവുമാണ്.

ചില ക്രിസ്തീയമൂല്യങ്ങൾ, ഒരുപക്ഷേ കത്തോലിക്കാ സഭയിലേക്കാൾ കൂടുതലായി ചില സഭാവിരുദ്ധഗ്രൂപ്പുകളിൽ കണ്ടേക്കാം. എന്നാൽ അവർക്കില്ലാത്ത മററനേകം ക്രിസ്തീയമൂല്യങ്ങൾകൂടി സഭയിലുണ്ടെന്നു മറക്കരുതു്.

## സഭാവിരുദ്ധഗ്രൂപ്പുകളോട് കത്തോലിക്കരുടെ മനോഭാവം എന്തായിരിക്കണം?

1. ഒന്നാമതായി അവർക്കുവേണ്ടി പ്രാർത്ഥിക്കുക. അവരും ദൈവമക്കളാണ്. പലപ്പോഴും ആദ്ധ്യാത്മിക അന്ധതകൊണ്ടു് വഴി തെററിപ്പോയിട്ടുള്ള ക്രിസ്ത്യാനികളാണ് അവർ. പ്രകാശത്തിൻെറ കൃപാവരം അവർക്ക് ആവശ്യമുണ്ടു്.

2. വിശ്വാസസത്യങ്ങളെയും ആചാരങ്ങളെയും ബൈബിൾ വ്യാഖ്യാനങ്ങളെയും സംബന്ധിച്ച് സഭാവിരുദ്ധഗ്രൂപ്പുകളുടെ തെററായ പഠനങ്ങളെപ്പററി ജാഗരൂകരായിരിക്കുക. അതേസമയം കത്തോലിക്കാസഭയിലായിരിക്കുവാൻ സാദ്ധ്യത നൽകിയ ദൈവത്തിൻെറ കൃപാവരത്തെ

ക്കുറിച്ചും കത്തോലിക്കാവിശ്വാസത്തിന്റെ സത്യത്തെക്കുറിച്ചും ബോധവാന്മാരായിരിക്കുക. സഭാവിരുദ്ധഗ്രൂപ്പുകളുടെ ആക്രമണത്തിനു വിധേയരാകുമ്പോൾ നമ്മുടെ വിശ്വാസസത്യം പ്രഘോഷിക്കുവാനും ന്യായീകരിക്കുവാനും ഒരുങ്ങിയിരിക്കുക.

3. സഭാവിരുദ്ധഗ്രൂപ്പുകളോട് ബന്ധപ്പെടാനിടയാകുന്ന സന്ദർഭങ്ങൾ കൂടുതൽ മെച്ചപ്പെട്ട കത്തോലിക്കരാകുവാനുള്ള ഒരു വെല്ലുവിളിയായി കരുതുക. നമ്മുടെ ക്രിസ്തീയജീവിതവും ആദ്ധ്യാത്മികതയും മെച്ചപ്പെടുത്തുവാനും നമ്മുടെ വിശ്വാസവും സഭയോടുള്ള വിശ്വസ്തതയും ആഴപ്പെടുത്തുവാനുമുള്ള അവസരങ്ങളാക്കി അവയെ മാററുക.

4. ബൈബിളിനെപ്പററിയും കത്തോലിക്കാസഭയെപ്പററിയും കൂടുതലായി പഠിച്ച് കത്തോലിക്കാ വിശ്വാസജീവിതത്തിൽ നവീകരിക്കപ്പെടാൻ ഇങ്ങനെയുള്ള അവസരങ്ങൾ വിനിയോഗിക്കുക.

## *സഭാവിരുദ്ധഗ്രൂപ്പുകളിൽപ്പെട്ടവർ നമ്മെ സമീപിക്കുമ്പോൾ നാം അവരോട് എങ്ങനെ പ്രതികരിക്കണം?*

1. സഭാവിരുദ്ധഗ്രൂപ്പുകൾ നമ്മെ അവരുടെ ഗ്രൂപ്പിലേക്ക് മാനസാന്തരപ്പെടുത്താൻ സമീപിക്കുമ്പോൾ അവരെ വെറുക്കുകയോ അവരുടെ വിശ്വാസങ്ങളെ അധിക്ഷേപിക്കുകയോ ചെയ്യരുത്. അവരോട് സ്നേഹവും ആദരവും പ്രകടിപ്പിക്കുക. അവർ സഭയെ കുററപ്പെടുത്തി സംസാരിച്ചാലും നമ്മൾ അവരെ പരിഹസിക്കുകയോ ആക്രമിക്കുകയോ ചെയ്യരുത്. അതേസമയം നമ്മുടെ കത്തോലിക്കാ വിശ്വാസത്തെക്കുറിച്ച് ഉറപ്പും ബോദ്ധ്യവുമുള്ളവരായി നാം അവരുടെ മുമ്പിൽ വർത്തിക്കണം.

2. അവരോട് വാദിക്കാൻ പോകരുത്. അവർ സ്വീകരണമനോഭാവമോ അന്വേഷണമനോഭാവമോ ഇല്ലാത്തവരാണ്. അങ്ങനെയുള്ളവരോട് വാദിച്ചിട്ടു ഫലമില്ല. മതപരമായ കാര്യങ്ങൾ പറയാതെ വേറെ കാര്യ

ങ്ങളും പറയാൻ ആവശ്യപ്പെടുക. നാം കത്തോലിക്കരാണ് എന്ന നിലപാടിൽ ഉറച്ചുനിൽക്കുക. അവർ മതപരമായ കാര്യങ്ങൾ സംസാരിക്കുന്നതിൽ നിർബന്ധം പിടിക്കുന്നെങ്കിൽ അവരെ സ്വീകരിക്കാതിരിക്കുക.

3. വേറൊരു ദിവസം വരാൻ പറഞ്ഞു് വിടരുതു്. അവർ തീർച്ചയായും വരും. പിന്നെ അവരെ സ്വീകരിക്കാതിരിക്കാൻ പററാതാകും. അവരോടു് ഉള്ള കാര്യം തുറന്നുപറയുക. സഭയുടെ ആധികാരിക ബൈബിൾ പഠനം ചോദിച്ചു മനസ്സിലാക്കിക്കൊള്ളാം എന്നു പറയുക.

## സഭാവിരുദ്ധഗ്രൂപ്പുകളുടെ വെല്ലുവിളിക്കു കത്തോലിക്കർക്കു് നൽകാവുന്ന ഏററം നല്ല പ്രതികരണം എന്തു്?

ഏററം നല്ല പ്രതികരണം - ശരിയായ പ്രതികരണം - നല്ല ഒരു കത്തോലിക്കനായിത്തീരുക എന്നതാണ്. നന്നായി ജീവിക്കുന്ന-കത്തോലിക്കാവിശ്വാസജീവിതം നയിക്കുന്ന- ഒരു കത്തോലിക്കൻ ഒരിക്കലും സഭാവിരുദ്ധഗ്രൂപ്പുകളിൽ ചേർന്നിട്ടില്ല. നാമമാത്ര കത്തോലിക്കർ- പേരുകൊണ്ടും മാമ്മോദീസാകൊണ്ടും മാത്രം കത്തോലിക്കരായവർ- മാത്രമേ - ഇങ്ങനെയുള്ള ഗ്രൂപ്പുകളിൽ ചേരുന്നുള്ളു. അവർ കത്തോലിക്കാവിശ്വാസവും സഭയും ശരിക്കു് അനുഭവിച്ചു ജീവിക്കാത്ത അജ്ഞരായ കത്തോലിക്കരത്രെ.

## കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഒരു സ്വയം വിമർശനം ആവശ്യമോ?

തീർച്ചയായും. ക്രിസ്തീയവിശ്വാസത്തിൽ അഴപ്പെടാത്തതുകൊണ്ടും, ശരിയായ ക്രിസ്തീയജീവിതം നയിക്കാതെ വരുന്നതുകൊണ്ടും സഭാനേതൃത്വം വിശ്വാസികൾക്കു് ശരിയായ ക്രൈസ്തവപരിശീലനം കൊടുക്കുന്നതിൽ പരാജയപ്പെടുന്നതുകൊണ്ടും, കത്തോലിക്കർ വിശ്വാസവിരുദ്ധഗ്രൂപ്പുകളിലേക്കു് പോകുവാനുള്ള സാദ്ധ്യതകൾ ഏറിവരുന്നു.

## ചില കാരണങ്ങൾ:-

1 ആരാധനക്രമപരമായ അജ്ഞതയും, ആരാധന ക്രമം വേണ്ടവിധത്തിൽ സംവിധാനം ചെയ്യുന്നതിലുള്ള പരാജയവും കത്തോലിക്കരുടെ ഒരു വലിയ പ്രശ്നംതന്നെ. നമ്മുടെ വി. കുർബാന അർപ്പണവും, ആരാധനക്രമകർമ്മങ്ങളും ശരിയായ പ്രാർത്ഥനാനുഭവം നല്കുന്നതിന് ഉപയുക്തമായ രീതിയിൽ സംവിധാനം ചെയ്യുകയും, ആഘോഷിക്കുകയും ചെയ്യാതെ പോകുന്നു. കത്തോലിക്കർ എണ്ണത്തിൽ വളരെ കൂടുതലായതുകൊണ്ട് ചെറിയ ഗ്രൂപ്പുകളിലും, പ്രാർത്ഥനാസമ്മേളനങ്ങളിലും ലഭ്യമാകുന്ന കൂട്ടായ്മയുടെയും പരസ്പരബന്ധത്തിൻെറയും അനുഭവവും വളർച്ചയും ഉൾക്കൊള്ളാൻ കഴിയാതെയും പോകുന്നു.

2 കത്തോലിക്കാസഭയിൽ നേതൃത്വം കൊടുക്കുന്നവരുടെ പ്രസംഗങ്ങളിലും, ഉപദേശങ്ങളിലും, സംഘാതമായ പഠനങ്ങളിലും, ബൈബിളും, ക്രിസ്തുവിൻെറ പഠനങ്ങളും ഊന്നിപ്പറയുന്ന ആദ്ധ്യാത്മികതയ്ക്കും മാനസാന്തരത്തിനും അർപ്പണത്തിനും വേണ്ടുവോളം പ്രാധാന്യം കൊടുക്കാതെ പോകുന്നു. എന്നാൽ കത്തോലിക്കാ വിരുദ്ധ ഗ്രൂപ്പുകളിൽ ഇവയ്ക്കു കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രസംഗങ്ങളും പഠനങ്ങളും നൽകപ്പെടുന്നു.

3 കത്തോലിക്കരിൽ പലരും അടിസ്ഥാനപരമായ ക്രിസ്തീയവിശ്വാസപരിശീലനം സിദ്ധിക്കാത്തവരാണ്. മതബോധന പ്രക്രിയ ദൈവത്തെയും, സഭയേയും സംബന്ധിക്കുന്ന കുറെ തത്വങ്ങളുടെ പഠനങ്ങളായി പരിമിതപ്പെട്ടിരിക്കുന്നു. സഭാജീവിതവും, കൂദാശപരമായ ജീവിതവും, വി. കുർബാനയും പ്രാർത്ഥനയുമെല്ലാം അവരുടെ വിശ്വാസപരിശീലനവുമായി ബന്ധപ്പെടുത്താൻ കഴിയാതെ പോകുന്നു. അവ വെറും ചടങ്ങുകളായി അനുഷ്ഠിച്ചുപോകുവാൻ ഇടയാകുന്നു.

4 കത്തോലിക്കരുടെയിടയിൽ ശരിക്ക് ബൈബിൾ പഠിക്കുവാനും, ബൈബിൾ അധിഷ്ഠിതമായ

ജീവിതം നയിക്കാനും ഉതകുന്ന സംവിധാനങ്ങളും ക്രമീകരണങ്ങളും വേണ്ടുവോളം ഇല്ല.

5 കത്തോലിക്കാസഭയിൽ പൊതുവെ അത്മായർക്ക് ഭാഗഭാഗിത്വവും, അജപാലനപരമായ ഉത്തരവാദിത്വങ്ങളും, കൂട്ടുത്തരവാദിത്വത്തോടുകൂടിയ പ്രവർത്തന സാദ്ധ്യതകളുമൊക്കെ വളരെ പരിമിതമായേ ലഭ്യമാകുന്നുള്ളു. അതേസമയം ഇങ്ങനെയുള്ള ഗ്രൂപ്പുകളിൽ അത്മായർക്ക് പൂർണ്ണമായ ഭാഗഭാഗിത്വവും, പ്രവർത്തന സാദ്ധ്യതകളുമുണ്ട്.

കത്തോലിക്കരും, സഭയും, കാലഘട്ടത്തിൻെറ ഈ വലിയ അപകടത്തെ മുന്നിൽ കണ്ട്, സഭയ്ക്കെതിരായി ആഞ്ഞുവീശുന്ന സഭാവിരുദ്ധകൊടുങ്കാററുകളെ വിശ്വാസത്തിൻെറ പരിചകൊണ്ടും ദൈവവചനമാകുന്ന അരൂപിയുടെ വാളുകൊണ്ടും നേരിടുവാൻ രംഗത്തിറങ്ങേണ്ട സമയം സമാഗതമായിരിക്കയാണ്. മേൽപ്പറഞ്ഞ തലങ്ങളിലൊക്കെ കാതലായ മാററം സംഭവിച്ചെങ്കിലേ, ഈ സഭാവിരുദ്ധഗ്രൂപ്പുകളെ വേണ്ടവിധത്തിൽ നേരിടാനും കത്തോലിക്കാവിശ്വാസം സംരക്ഷിക്കാനും സാധിക്കയുള്ളു.

## നമുക്കെങ്ങനെ കൂടുതൽ മെച്ചപ്പെട്ട കത്തോലിക്കരാകാം?

1. നിങ്ങൾക്ക് വിശ്വാസത്തെക്കുറിച്ചോ, കത്തോലിക്കാ വിശ്വാസസത്യങ്ങളെക്കുറിച്ചോ, ബൈബിളിനെക്കുറിച്ചോ ബൈബിൾ വാക്യങ്ങളുടെ വ്യാഖ്യാനത്തെക്കുറിച്ചോ സംശയങ്ങളുണ്ടാകുമ്പോഴും, നിങ്ങൾക്ക് മറുപടി നൽകാൻ പററാത്ത വാദഗതികൾ കേൾക്കുമ്പോഴും അതെല്ലാം നിങ്ങൾക്കായിതന്നെ സൂക്ഷിക്കാതിരിക്കുക. ഒരു കത്തോലിക്കാ വൈദികനോടോ ഇക്കാര്യത്തിൽ പഠനവും പരിശീലനവും സിദ്ധിച്ചിട്ടുള്ള സന്ന്യാസിനിസന്ന്യാസികളോടോ കത്തോലിക്കാ അൽമായരോടോ നിങ്ങളുടെ സംശയങ്ങൾ പങ്കുവയ്ക്കുക. ബുദ്ധിക്കഗ്രാഹ്യമായ വിശ്വാ

സരഹസ്യങ്ങറം വിശദീകരിക്കുന്നതിനു് ബുദ്ധിമുട്ട് അനു ഭവപ്പെട്ടാലും കത്തോലിക്കാ വിശ്വാസം ദൈവത്തിൻെറ വലിയ ഒരു ദാനമായിക്കരുതി അതു് മുറുകെ പിടിച്ചു് അതിനുവേണ്ടി എവിടെയും എപ്പോഴും നിലകൊള്ളുക.

2. ബൈബിളിനെ വിലമതിക്കുക, സ്നേഹിക്കുക. ഓരോ ദിവസവും വായിച്ചു്, ധ്യാനിച്ചു്, പ്രാർത്ഥിച്ചു് കത്തോലിക്കാ വിശ്വാസത്തിനനുസൃതമായി ദൈവവചനം ജീവിതത്തിൽ സ്വീകരിച്ചു് ജീവിക്കാൻ ശ്രമിക്കുക.

3. കത്തോലിക്കാ വിശ്വാസത്തെപ്പററി മതബോധന കാലഘട്ടത്തിൽ പഠിച്ചതുകൊണ്ടുമാത്രം തൃപ്തിപ്പെടാതിരിക്കുക. അതെപ്പററി കൂടുതൽ വായിക്കുക, പഠിക്കുക. കത്തോലിക്കാ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വിശ്വാസത്തെയും സന്മാർഗത്തെയും പററിയുള്ള കോഴ്സുകറം, ബൈബിറം കോഴ്സുകറം തുടങ്ങിയവയിൽ സംബന്ധിച്ചു് കൂടുതൽ അറിവുനേടുക. മതപരമായ അജ്ഞതയാണ് വിശ്വാസവിരുദ്ധ ഗ്രൂപ്പുകളുടെ വിളനിലമെന്നു് ഓർത്തിരിക്കുക.

4. പ്രാർത്ഥനാജീവിതം ഗൗരവമായിട്ടെടുക്കുക, കത്തോലിക്കാ പ്രാർത്ഥനയും ആദ്ധ്യാത്മികതയും വളരെ സമ്പന്നമാണ്. അതു്അതിൻെറ പൂർണ്ണതയിൽ ജീവിക്കുക.

### ആരാധനക്രമപ്രാർത്ഥന

ആരാധനക്രമപ്രാർത്ഥനകളെപ്പററിയും അനുഷ്ഠാനങ്ങളെപ്പററിയും ശരിയായി പഠിച്ചു് അവയിൽ സജീവമയി പങ്കെടുക്കുക. ആരാധനക്രമസമ്മേളനങ്ങറം ശരിക്കും പ്രാർത്ഥാനാനുഭവവേദികളാക്കി മാററുക.

### കുടുംബ പ്രാർത്ഥന

കുടുംബത്തിൽ എല്ലാവരും ഒന്നിച്ചുകൂടി എല്ലാ ദിവസവും പ്രാത്ഥിക്കുക. കുടുംബപ്രാത്ഥന ബൈബിളിലൂടെ ദൈവവചനം സ്വീകരിച്ചും ആരാധനക്രമവത്സരാനുസൃതമായ പ്രാത്ഥനകറം, സങ്കീർത്തനങ്ങറം, ഗാനങ്ങറം തുടങ്ങി

യവ ഉപയോഗപ്പെടുത്തിയും കുടുംബത്തിന്റെ പൊതുവായിട്ടുള്ളതും കുടുംബാംഗങ്ങളുടെ പ്രത്യേകമായിട്ടുള്ളതുമായ ആവശ്യങ്ങൾ ഉൾപ്പെടുത്തിയും ശരിയായ പ്രാർത്ഥനാനുഭവം ഉണ്ടാകത്തക്കരീതിയിൽ ക്രമീകരിക്കുക.

## *വ്യക്തിപ്രാർത്ഥന*

കുറച്ചുസമയം എല്ലാദിവസവും സ്വന്തം ജീവിതം ദൈവത്തിന്റെ മുമ്പിൽ വിലയിരുത്തി സ്വന്തം ജീവിതാനുഭവങ്ങൾ ദൈവവുമായി പങ്കുവച്ച് വ്യക്തിപരമായി പ്രാർത്ഥിക്കുക.

5. കത്തോലിക്കാവിശ്വാസം ഒററപ്പെട്ടു ജീവിക്കാതിരിക്കുക. ക്രിസ്തീയ വിശ്വാസം ഒരു സമൂഹാത്മക വിശ്വാസമാണ്. ഇടവകക്കൂട്ടായ്മയിലും രൂപതാക്കൂട്ടായ്മയിലും സജീവമായി പങ്കുചേർന്നു് നമ്മുടെ വിശ്വാസം ജീവിക്കുക.

6. മറിയത്തെ നമ്മുടെ അമ്മയായി ക്രിസ്തുതന്നെ നമുക്കു നൽകി. ''ഈശോ തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തുനില്ക്കുന്നതു കണ്ടു് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ നിന്റെ മകൻ. അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: ഇതാ നിന്റെ അമ്മ'' (യോഹ 19: 26–27). ഈശോ സ്നേഹിച്ച ശിഷ്യൻ ഓരോ ക്രിസ്തുവിശ്വാസിയെയും പ്രതിനിധീകരിക്കുന്നു. ക്രിസ്തുവിന്റെ രക്ഷാകരകർമ്മത്തിൽ സഹകരിച്ച 'രണ്ടാം ഹവ്വ' അഥവാ 'സ്ത്രീ' എന്ന നിലയിൽ മറിയം നമ്മുടെ മാതാവാണെന്നു് ഇതിലൂടെ ക്രിസ്തു വെളിപ്പെടുത്തുകയായിരുന്നു. അങ്ങനെ ക്രിസ്തുവിന്റെ അമ്മ സഭയുടെയും അമ്മയാണ്. കാരണം സഭ ക്രിസ്തുവിന്റെ ശരീരമാണ് (എഫേ 5:23). അതുകൊണ്ടു് പ. കന്യകാമറിയത്തോടുള്ള സ്നേഹവും ഭക്തിയും പുലർത്തുക, വളർത്തുക. അതു് ശരിയായ ക്രിസ്തുവിശ്വാസത്തിൽ, കത്തോലിക്കാ വിശ്വാസത്തിൽ നിലനില്ക്കുന്നതിനു് നമ്മെ സഹായിക്കും.

# പ്രോസാങ്ക്ടിററി പ്രസിദ്ധീകരണങ്ങൾ

1. **Dr. Mathew Vellanickal,**
   **അജപാലകരുടെ ആദ്ധ്യാത്മികത**
   pp. 220, Rs. 12

2. **M. C. Ildephonse,**
   **പ്രവാചകന്റെ പ്രാർത്ഥന**
   1988, pp. 100, Rs. 10

3. **Dr. Mathew Vel[anickal**
   **മറിയം ബൈബിളിൽ**
   1988, pp. 154, Rs. 14

4. **Dr. Mathew VellanIckal**
   **കത്തോലിക്കരും മൗലികവാദികളും**
   1989, Pp. 64, Rs. 3.50

5. **Bp. G. Giaquinta,**
   **ശ്രവണത്തിൽ ജാഗ്രതൈ**
   1989, pp. 108, Rs. 8

---

**PRO SANCTITY PUBLICATIONS,**
Spirituality Centre, Vidyanagar, Kottayam - 686 018, Kerala, India.

# കത്തോലിക്കരും മൗലികവാദികളും

ഡോ. മാത്യു വെള്ളാനിക്കൽ

Indic Digital Archive Foundation
gpura.org